# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജൂലൈ 25 | ദീപം 57 | നാളം 20 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പുറപ്പെടുവിച്ച ഇടയലേഖനത്തിൽനിന്ന്:

## ദൈവകൃപയുടെ എഴുപത്തഞ്ചു വർഷങ്ങൾ



മാർ ജോസഫ് കല്ലറങ്ങാട്ട്

1950 ജൂലൈ 25 നാണ് പാലാ രൂപത സ്ഥാപിതമായത്. ദൈവം കനിഞ്ഞനുഗ്രഹിച്ച 75 വർഷങ്ങളുടെ സമ്പാദ്യമായി പാലാ രൂപതയ്ക്കുള്ളത് ഈ രൂപതയിൽ ജനിച്ചു വളർന്ന് സമർപ്പിതജീവിതത്തിലേക്കു പ്രവേശിച്ച വൈദികരുടെയും സന്ന്യസ്തരുടെയും ത്യാഗവും, ദൈവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും നിർമാണത്തിനും നടത്തിപ്പിനുമായി ആത്മസമർപ്പണം ചെയ്ത അല്മായസഹോദരങ്ങളുടെ സന്മനസ്സുമാണ്. കഴിഞ്ഞ 74 വർഷങ്ങളിലൂടെ ദൈവം നമ്മെ കൈപിടിച്ചു നടത്തി. സത്യവിശ്വാസം സംരക്ഷിക്കുക, കൈമാറ്റം ചെയ്യുക എന്നീ ഉത്തരവാദിത്വങ്ങളാണ് ഈ നാളുകളിൽ നമ്മൾ ഒരുമിച്ചു നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ഭാഗ്യസ്മരണാർഹനായ വയലിൽ തിരുമേനി 'കർത്താവ് എന്റെ പ്രകാശമാകുന്നു' എന്ന ആപ്തവാക്യംവഴിയും, അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് 'ജീവൻ ഉണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനും' എന്ന ആപ്തവാക്യത്തിലൂടെയും നമ്മുടെ രൂപതയെ സമൃദ്ധമായി നയിച്ചു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും നാളിതുവരെയുള്ള വികാരി ജനറാളച്ചന്മാരുടെയും രൂപതാകേന്ദ്രത്തിലെ മറ്റു വൈദികരുടെയും ശുശ്രൂഷകളെ പ്രത്യേകമായി സ്മരിക്കുന്നു.

കുറ്റങ്ങളും കുറവുകളും പോരായ്മകളും മനസ്സിലാക്കുന്നതിനും തിരുത്തുന്നതിനുമുള്ള അവസരംകൂടിയാണ് പ്ലാറ്റിനം ജൂബിലി. സഭയുടെ വിശുദ്ധപാരമ്പര്യവും ലിറ്റർജിയും ദൈവശാസ്ത്രവും ആധ്യാത്മികതയും ശിക്ഷണക്രമവും ചരിത്രവും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ ഇക്കാലങ്ങളിൽ നാം നടത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം പാലാ രൂപതയുടെ ചരിത്രം അതിമനോഹരമായി ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കാൻ നമുക്കു കഴിഞ്ഞു. രൂപതയിലെ ഒട്ടനവധി പള്ളികളും പാരിഷ്ഹാളുകളും വൈദികമന്ദിരങ്ങളും സ്കൂളുകളും പുതുക്കിപ്പണിയുകയോ നവീകരിക്കുകയോ ചെയ്തുകഴിഞ്ഞു. ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും കഠിനാധ്വാനത്തിന്റെ ഫലമാണിത്. അപ്രകാരം, ദൈവാനുഗ്രഹത്തിന്റെ നിറവോടെയാണ് പ്ലാറ്റിനം ജൂബിലിയിലേക്കു നാം പ്രവേശിക്കുന്നത്. അജപാലനം, വിശ്വാസപരിശീലനം, ആതുരശുശ്രൂഷ, കാരുണ്യപ്രവർത്തനങ്ങൾ, സംഘടനാപ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം രൂപതയുടെ തനിമ വെളിപ്പെടുത്തുന്നു.

മുപ്പതിലധികം വൈദികമേലധ്യക്ഷന്മാർക്കു ജന്മം നൽകിയ രൂപതയാണ് നമ്മുടേത്. ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, മാർ ജോൺ പെരുമറ്റം, മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ എന്നീ മെത്രാന്മാർ പാലാ രൂപതയിലെ വൈദികസമൂഹത്തിലെ അംഗങ്ങളായിരുന്നു.

ധനലാഭമായിരുന്നില്ല രൂപതയുടെ പ്രവർത്തനലക്ഷ്യം. ഇന്ന് മാർ സ്ലീവാ മെഡിസിറ്റി നൽകുന്ന സേവനം ഇതുവരെ രൂപതവഴി ദൈവം നൽകിയ സേവനങ്ങളുടെ ചെറിയൊരംശം മാത്രമാണ്. അതിലെത്രയോ മടങ്ങാണ് കഴിഞ്ഞ മുക്കാൽനൂറ്റാണ്ടിൽ പാവപ്പെട്ടവരായ മനുഷ്യർക്കു തണലായിത്തീർന്ന നിരവധി പദ്ധതികളിലൂടെ രൂപതയിൽ നടന്നത്. അവയുടെ ഒരു ഓഡിറ്റ് നോക്കിയാൽ ലാഭത്തിന്റെ കോളം ശൂന്യമായിരിക്കും. ലാഭം ഒരിക്കലും നമ്മൾ ആഗ്രഹിക്കുന്നുമില്ല.

▶ 6



സഹിക്കുന്നവരോടുള്ള പക്ഷംചേരലാണ് യഥാർഥത്തിൽ അൽഫോൻസിയൻദർശനത്തിന്റെ കാതൽ. പ്രാർഥനകൊണ്ടും ജീവിതംകൊണ്ടും നിയോഗംകൊണ്ടും തനിക്കുലഭിച്ച സഹനംകൊണ്ടും അവൾ വേദനിക്കുന്ന മനുഷ്യരെ ശുശ്രൂഷിച്ചു. വേദനിക്കുന്നവരോടു പക്ഷം ചേരുമ്പോഴാണ് സഭ ഈശോയുടെ സഭയായി ലോകത്തിനുമുമ്പിൽ നിൽക്കുന്നത്.



## സഹിക്കുന്നവരോടു പക്ഷംചേർന്ന അൽഫോൻസിയൻദർശനം

ജൂലൈ 28 വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ



മാർ ജേക്കബ് മുരിക്കൻ

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ഒരിക്കൽക്കൂടി സമാഗതമാകുമ്പോൾ അൽഫോൻസിയൻ ദർശനങ്ങളെക്കുറിച്ചു ചിന്തിക്കാനും ധ്യാനിക്കാനും പ്രാർഥിക്കാനും നമുക്ക് ഒരവസരംകൂടി കൈവന്നിരിക്കുകയാണ്. അൽഫോൻസാമ്മ തന്റെ ജീവിതത്തിലുടനീളം പുലർത്തിയ ആത്മീയവീക്ഷണം ഈശോയുമായി മനുഷ്യസാധ്യമാംവിധം പൂർണമായിട്ടുള്ള ഐക്യം സാധ്യമാക്കുന്നതായിരുന്നു. അതു സംബന്ധിച്ച് ഇന്ന് സഭവളരെ ദൈവകൃപയിലാണ് മുന്നോട്ടുപോകുന്നത്. സഹനത്തിന്റെ തീവ്രമായ രൂപം തന്നെ ദൈവം അൽഫോൻസാമ്മയ്ക്കു നല്കിയിരുന്നു. ആ സഹനം ഈശോയുമായി താദാത്മ്യപ്പെടുന്നതിനു ദൈവം തനിക്കു നല്കിയ ദാനമാണെന്ന് അൽഫോൻസാമ്മ തിരിച്ചറിഞ്ഞു. സഹനത്തെ ഒരു സമ്മാനമായി സ്വീകരിച്ച വ്യക്തിയാണ് അൽഫോൻസാമ്മ.

ഒന്നാലോചിച്ചാൽ, നമ്മുടെ പിതാവായ മാർ ത്തോമ്മാശ്ലീഹാ നൽകിയ ദർശനം തന്നെയാണ് അൽഫോൻസിയൻ ദർശനം. നമ്മുടെ പിതാവ് നമ്മെ പഠിപ്പിച്ച ആ ദർശനമാണ് അൽഫോൻസാമ്മ ജീവിതത്തിൽ ഉൾച്ചേർത്തത്. കാരണം, മറ്റു ശിഷ്യന്മാർ ഈശോയെ കണ്ടു എന്നു പറഞ്ഞപ്പോൾ തോമാശ്ലീഹാ പറഞ്ഞു: 'എനിക്കു കർത്താവിനെ കാണണം. അവിടുത്തെ കൈകളിലെ ആണിപ്പഴുതുകളിൽ എന്റെ വിരലിടണം. അവന്റെ തിരുവിലാവിൽ എന്റെ കൈ വയ്ക്കണം.' ഇത് അദ്ദേഹം ആവശ്യപ്പെടുകയായിരുന്നു. ഈശോയുടെ മുറിപ്പാടുകളിലേക്കുള്ള ഒരു ദർശനമായിരുന്നു മാർത്തോമ്മാശ്ലീഹാ നല്കിയത്.

▶11

# നങ്കൂരമിട്ട് വിഴിഞ്ഞം തുറമുഖം



അനിൽ ജെ. തയ്യിൽ

വാട്ടർ സല്യൂട്ട് ഏറ്റുവാങ്ങി മദർഷിപ്പ് സാൻ ഫെർണാണ്ടോ വിഴിഞ്ഞം തീരമണഞ്ഞതോടെ ലോകനാവികഭൂപടത്തിൽ കേരളം നിർണായകസ്ഥാനമുറപ്പിച്ചു. കൊളംബോയിലും സിങ്കപ്പൂരിലും പുറംകടലിൽ ഊഴം കാത്തുകിടക്കുന്ന കൂറ്റൻ ചരക്കുകപ്പലുകൾ ഇനി നോട്ടമയയ്ക്കുന്നത് വിഴിഞ്ഞത്തോട്ടാവും എന്ന തുറപ്പ്.

**വിഴിഞ്ഞം തുറമുഖം സവിശേഷതകൾ**

ഏറ്റവും പ്രധാനം 10 നോട്ടിക്കൽ മൈൽ അഥവാ 18.5 കിലോമീറ്റർമാത്രം അകലത്തിൽ അന്താരാഷ്ട്ര കപ്പൽച്ചാലിനോട് ഏറെ അടുത്തു സ്ഥിതിചെയ്യുന്ന രാജ്യത്തെ ഏകതുറമുഖം ഇതാണ് എന്നതുതന്നെ. ഒരു മദർഷിപ്പിനു നങ്കൂരമിടാനോ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് (മദർഷിപ്പിൽനിന്ന് ഫീഡർ വെസലിലേക്കോ തിരിച്ചോ കണ്ടെയ്നറുകൾ കയറ്റിയിറക്കുന്നത്) നടത്താനോ സൗകര്യമുള്ള ഒരു തുറമുഖം വിഴിഞ്ഞമല്ലാതെ മറ്റൊന്ന് ഇന്ത്യയിലില്ല എന്നതാണ് വിഴിഞ്ഞം തുറമുഖത്തിനു നിർണായകപ്രാധാന്യം ലഭിക്കുന്ന മറ്റൊരു കാര്യം.

കൂറ്റൻ മദർഷിപ്പുകൾക്കു സുഗമമായി നങ്കൂരമിടാൻ 20 മീറ്റർ സ്വാഭാവിക ആഴമുള്ള രാജ്യത്തെ ഏകതുറമുഖവും ഇതുതന്നെ. ലോകത്തിലെ ഏറ്റവും വലിയ മദർഷിപ്പായ എം.എസ്.ഇ. ഐറിനു നങ്കൂരമിടാൻ 16 മീറ്റർ ആഴം മതി എന്നറിയണം.

ഭാരതത്തിലെ ആദ്യ സമ്പൂർണ സ്വയംനിയന്ത്രിത (Fully Automatic) തുറമുഖം എന്ന ഖ്യാതിക്കൊപ്പം, ഏതു കാലാവസ്ഥയിലും സുഗമമായി പ്രവർത്തിക്കാൻ കഴിയുന്ന തുറമുഖം (All Weather Port) എന്ന സവിശേഷതയും വിഴിഞ്ഞത്തിനുണ്ട്. അടിയൊഴുക്കു കുറവായതിനാൽ ബങ്കറിങ് അഥവാ കപ്പലുകളിൽ ഇന്ധനം നിറയ്ക്കൽ ജോലിയും ഇവിടെ സുഗമമാണ്. (ചെറിയ ഇന്ധനക്കപ്പലുകൾ മദർഷിപ്പിനോടു ചേർത്തുബന്ധിച്ചാണ് ഇന്ധനം നിറയ്ക്കുന്നത്.) ഇന്ത്യയിലെ പല തുറമുഖങ്ങളിലും ഇതു സാധ്യമല്ല. നിർമാണത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാകുമ്പോൾ പത്തു ബർത്തുകൾ ഇവിടെ ഉണ്ടാവും.

**നാൾവഴികൾ**

ഒന്നാം നൂറ്റാണ്ടിലെ യാത്രാവിവരണഗ്രന്ഥങ്ങളിൽമുതലിങ്ങോട്ട് പോർച്ചുഗീസ് - ഡച്ച് കാലഘട്ടംവരെ വിഴിഞ്ഞത്തെ ഒരു തുറമുഖനഗരമായി ഉപയോഗിച്ചിരുന്നതിന്റെ രേഖകളുണ്ട്. തിരുവിതാംകൂർ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യർ 1940 കളിൽ വിഴിഞ്ഞത്ത് ഒരു തുറമുഖനിർമാണസാധ്യതാപഠനം നടത്തിയെങ്കിലും പദ്ധതി മുന്നോട്ടുപോയില്ല. ഏറെക്കാലങ്ങൾക്കിപ്പുറം 1990 ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കവേയാണ് വിഴിഞ്ഞം തുറമുഖം വിഭാവനം ചെയ്യുന്നതും ആദ്യഘട്ടചർച്ചകൾ നടക്കുന്നതും. ഇ.കെ. നായനാർ - വി.എസ്. അച്യുതാനന്ദൻ സർക്കാരുകൾ പദ്ധതി ഉപേക്ഷിക്കാതെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചു. ഇന്റർനാഷണൽ ഫിനാൻഷ്യൽ കമ്മീഷൻ എന്ന അന്തർദേശീയ കൺസൾട്ടൻസി കമ്പനി വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച പ്രായോഗികപഠനം നടത്തുകയും, തുടർന്ന് ഏണസ്റ്റ് ആൻഡ് യങ്ങ് കമ്പനി നടത്തിയ സാധ്യതാപഠനത്തിൽ തുറമുഖം പതിനൊന്നാം പ്രവർത്തനവർഷം ലാഭത്തിലാകുമെന്നും കേരളത്തിന് 13947 കോടി രൂപ വിഹിതമായി ലഭിക്കുമെന്നും പറയുന്നു. പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി.) പദ്ധതിപ്രകാരം 2006 ൽ കരാർ ഏറ്റെടുത്ത ചൈനീസ് കമ്പനിക്ക് കേന്ദ്രസർക്കാരിന്റെ ക്ലിയറൻസ് ലഭിച്ചില്ല. തുടർന്ന്, ലാൻകോ ഇൻഫ്രാ ടെക് ലിമിറ്റഡ് സമർപ്പിച്ച പദ്ധതിക്ക് 2008 ൽ കേരളസർക്കാർ അംഗീകാരം നൽകിയെങ്കിലും ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതോടെ 2009 ൽ അവർ പിന്മാറി. തുടർന്ന്, 2015 ൽ അദാനി പോർട്സ് പദ്ധതി ഏറ്റെടുത്തു. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കേ 2015 ഡിസംബറിൽ അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡുമായി തുറമുഖനിർമാണക്കരാർ ഒപ്പിടുകയും തറക്കല്ലിടുകയും ചെയ്തു. ആയിരം ദിവസംകൊണ്ടു പദ്ധതി പൂർത്തീകരിക്കണം എന്നായിരുന്നു കരാർ. കാലാവധിക്കു മൂന്നുമാസംവരെ ഇളവു നൽകാമെന്നും പിന്നീട് താമസിക്കുന്ന ഓരോ ദിവസത്തിനും 12 ലക്ഷം രൂപവച്ച് കമ്പനി പിഴയായി നൽകണമെന്നുമായിരുന്നു കരാറിലെ വകുപ്പുകൾ. ഇതനുസരിച്ച് 2019 ഡിസംബർ മൂന്നിനു പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നു.

2024 ൽ പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ആദ്യഘട്ടനിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി ട്രയൽ റണ്ണിന്റെ ഭാഗമായി ആദ്യ മദർഷിപ്പ് ബർത്ത് ചെയ്തു.

**തീരദേശസമരം**

പദ്ധതി പൂർത്തിയാക്കാൻ 360 ഏക്കർ ഭൂമിയാണു വേണ്ടിവരുന്നത്. അതിൽ 130 ഏക്കർ ഏറ്റെടുത്തുകഴിഞ്ഞു. ഏറെപ്പേർ ഭവനരഹിതരാവുന്നതുകൂടാതെ, തീരദേശമണ്ണൊലിപ്പിനും സാധ്യത വർധിക്കുകയാണ്. മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവർക്കു തൊഴിൽനഷ്ടവും സംഭവിക്കുന്നു. കലാപസദൃശമായ അന്തരീക്ഷമാണു പദ്ധതിപ്രദേശത്തു സംജാതമായിരിക്കുന്നത്. സാമൂഹികാഘാതപഠനം നടത്തണമെന്നും വിദഗ്ധസമിതിയിൽ സമരരംഗത്തുള്ളവരെ ഉൾപ്പെടുത്തണമെന്നും, ഭവനരഹിതരാവുന്നവർക്കു സുരക്ഷിതഭവനങ്ങൾ ഉറപ്പുവരുത്തണമെന്നും തീരദേശമണ്ണൊലിപ്പു തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്നുമടക്കമുള്ള ഏഴ് ആവശ്യങ്ങളാണ് സമരസമിതി മുന്നോട്ടുവച്ചിരിക്കുന്നത്.

**വികസനസാധ്യതകൾ**

ആസൂത്രണം കൃത്യമായി നിർവഹിക്കപ്പെടുകയാണെങ്കിൽ വൻ വികസനസാധ്യതകളാണ് വിഴിഞ്ഞം തുറമുഖം മുന്നോട്ടുവയ്ക്കുന്നത്. അമ്പതിനായിരത്തോളം തൊഴിലവസരങ്ങളാണ് പദ്ധതി സമ്മാനിക്കുന്നത്. ഒപ്പം, അതിരുകളില്ലാത്ത അനുബന്ധവികസനസാധ്യതകളും. അന്താരാഷ്ട്ര കപ്പൽച്ചാലിനോട് ഏറ്റവും അടുത്തുള്ള സ്വാഭാവിക ആഴക്കടൽ തുറമുഖം എന്ന നിലയിൽ ഏറെ മദർഷിപ്പുകൾ ഇങ്ങോട്ട് ആകർഷിക്കപ്പെടുന്നതോടെ ചരക്കുനീക്കത്തിനു ചെലവുകുറയുമെന്നും വിപണിയിൽ വിലക്കുറവ് ഉണ്ടായേക്കാമെന്നും വിലയിരുത്തപ്പെടുന്നു. ചരക്കുനീക്കത്തിലൂടെ ഉണ്ടാകുന്ന നികുതിവരുമാനവർധനയും ഒരു വലിയ നേട്ടമാണ്. യൂണിയൻ, ചുവപ്പുനാട പ്രശ്നങ്ങൾ ഒഴിവാക്കിക്കൊടുത്താൽ വലിയ വ്യവസായമേഖലകൾ സൃഷ്ടിക്കപ്പെടും. വിവിധ കാരണങ്ങളാൽ ലോകരാജ്യങ്ങൾക്കു ചൈനയുമായുള്ള വ്യാപാരബന്ധങ്ങളിൽ ഉലച്ചിൽ തട്ടിത്തുടങ്ങിയിരിക്കുന്ന ഈ വേളയിൽ സ്വാഭാവികമായും അവരുടെ നോട്ടം ഇന്ത്യയിലേക്കാവും. വിഴിഞ്ഞം പോർട്ടിന്റെ സവിശേഷതകൾ മുതലെടുത്തു മാനുഫാക്ചറിങ് മേഖലയ്ക്കു വളരാനുള്ള സാധ്യതകൾ അനന്തമാണ്. വേലിയേറ്റം ഇല്ലാത്തതും അടിയൊഴുക്കു കുറവായതുംമൂലം കപ്പലുകൾക്ക് ഇന്ധനവും ലൂബ് ഓയിലും എത്തിക്കുന്ന ബങ്കർ ഇൻഡസ്ട്രി വൻ വളർച്ച നേടും.

ഇന്ത്യൻ കമ്പനികൾക്കുള്ള ചരക്കുമായി എത്തുന്ന മദർഷിപ്പുകൾ കൊളംബോ, സിങ്കപ്പൂർ തുറമുഖങ്ങളിലാണ് എത്തിയിരുന്നത്. വിഴിഞ്ഞത്ത് മദർഷിപ്പുകൾക്കു നങ്കൂരമിടാം എന്നതിനാൽ ട്രാൻസ്ഷിപ്മെന്റ് ഇനത്തിൽ ചെലവാകുന്ന 2500 കോടിയോളം രൂപ മുഴുവനായോ ഭാഗികമായോ ലാഭിക്കാനും സാധിക്കും. കപ്പലുകളിലേക്കുള്ള ഭക്ഷ്യധാന്യസംഭരണം, ക്രൂ ചേഞ്ചിങ് മുതലായവ ഹോട്ടൽ - പലചരക്ക് - ഭക്ഷ്യധാന്യമേഖലകൾക്കു വലിയ സാധ്യതകൾ തുറന്നിടുന്നു. എത്ര വലിയ കപ്പലുകൾക്കും അടുക്കാമെന്നതും കോവളം, വർക്കല തുടങ്ങിയ അന്തർദേശീയപ്രസിദ്ധമായ ടൂറിസ്റ്റുകേന്ദ്രങ്ങൾ അടുത്തുകിടക്കുന്നതും ടൂറിസം രംഗത്തു വലിയ കുതിപ്പുണ്ടാക്കിയേക്കാം.




**വിവാദങ്ങൾ**

വഴിവിട്ട കരാർ എന്ന് ആരോപിച്ച് എൽഡിഎഫ് 2015 ൽ പദ്ധതിക്കെതിരേ പ്രക്ഷോഭം ആരംഭിച്ചിരുന്നു. 6000 കോടിയുടെ കടൽക്കൊള്ള എന്നായിരുന്നു ആരോപണം. എന്നാൽ, പ്രസ്തുത കരാറിൽനിന്ന് ഒരു വരിപോലും മാറ്റാതെയാണ് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് സർക്കാർ ഇപ്പോൾ പദ്ധതി നടപ്പാക്കിയിരിക്കുന്നത് എന്നതാണ് വിരോധാഭാസം. അദാനി പോർട്ട് ലിമിറ്റഡ് സമർപ്പിച്ച കണക്കിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ വിയോജിപ്പു പ്രകടിപ്പിച്ചിരുന്നു. സാധാരണഗതിയിൽ ഇത്തരം വലിയ പദ്ധതികളുടെ നിർമാണവുമായി ബന്ധപ്പെട്ട നടത്തിപ്പുകരാർ 30 വർഷത്തേക്കാണു നൽകുക എന്നിരിക്കേ, 10 വർഷംകൂടി അധികം നൽകി 40 വർഷത്തെ നടത്തിപ്പുകരാറാണ് രൂപപ്പെട്ടിരിക്കുന്നത്. വേണ്ടിവന്നാൽ, വീണ്ടും ഒരു 20 വർഷത്തേക്കുകൂടി തുറമുഖം അദാനിക്കു കൈവശംവയ്ക്കാനുള്ള സാധ്യതകൂടി കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊറോണ, ഓഖി ചുഴലിക്കാറ്റ് തുടങ്ങി വിവിധ കാരണങ്ങളുടെ പേരിൽ ഒരു രൂപപോലും പിഴയീടാക്കാതെ അഞ്ചു വർഷം നിർമാണകാലാവധി നീട്ടിനൽകുകയും ചെയ്തു. 600 കോടിയിലധികം രൂപമുടക്കി കേരള സർക്കാർ ഏറ്റെടുത്ത ഭൂമി ഉൾപ്പെടെയുള്ള പദ്ധതി ആസ്തികൾ പണയപ്പെടുത്താനും സ്വതന്ത്രവിനിയോഗത്തിനും അദാനി കമ്പനിക്ക് പ്രസ്തുത കരാർ അനുമതി നൽകുന്നു. അവരുടെ മറ്റു ബിസിനസുകൾക്കും ഭൂമി വിനിയോഗിക്കാം. കൂടാതെ, 40 വർഷം കഴിയുമ്പോൾ കേരളം അദാനി ഗ്രൂപ്പിന് 19555 കോടി രൂപ ടെർമിനേഷൻ ഫീസായി നൽകണം. അതുവരെ കേരളത്തിനു ലഭിക്കുന്നത് 13947 കോടി രൂപയായിരിക്കും. 5608 കോടി രൂപ അധികം കണ്ടെത്തേണ്ടിവരുന്ന അവസ്ഥയാണ് അന്ന് സംജാതമാവുക! സാമ്പത്തികമായി ഏകദേശം അര നൂറ്റാണ്ടോളം ഈ പദ്ധതി കേരള സർക്കാരിനു നഷ്ടമാണ് എന്നർഥം. ബ്രേക്ക് വാട്ടറിന്റെയും (പുലിമുട്ട്), പുതിയ ഫിഷിങ് ഹാർബറിന്റെയും നിർമാണത്തിനുള്ള തുക 1210 കോടിയിൽനിന്ന് 1463 കോടിയായി വർധിപ്പിച്ചു നൽകിയിട്ടുമുണ്ട്. ഇതും കേരളസർക്കാരാണു വഹിക്കുന്നത്.

**അവകാശത്തർക്കങ്ങൾ**

വിവിധ മുന്നണികൾ മാറിമാറി ഭരിച്ച നാളുകൾക്കിടയിൽ ഘട്ടംഘട്ടമായി പൂർത്തീകരിച്ച ഒരു ബൃഹത്പദ്ധതിയുടെ പിതൃത്വാവകാശപ്പോര് മൂർച്ഛിച്ചിരിക്കുകയാണ്. കരാർ ഒപ്പിട്ട ഉമ്മൻചാണ്ടിക്കോ ആദ്യഘട്ടനിർമാണം പൂർത്തിയാക്കിയ പിണറായി വിജയനോ അവകാശപ്പെട്ടതല്ല പദ്ധതിയുടെ പിതൃത്വം. ഒരു വീട് പണിയുന്നതുപോലെ ആറുമാസംകൊണ്ടു പൂർത്തിയാക്കാനാവുന്ന ഒരു പദ്ധതിയോ നടപടിക്രമങ്ങളോ അല്ല ഒരു തുറമുഖത്തിന്റേത്. പദ്ധതിയെക്കുറിച്ചുള്ള ആശയത്തിനു തുടക്കമിട്ട കെ. കരുണാകരൻമുതൽ പദ്ധതി ഉപേക്ഷിച്ചുകളയാതെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ ഓരോ മന്ത്രിസഭയ്ക്കും അവരുടെ നേതൃത്വത്തിനും ഇതിൽ തുല്യപങ്കുണ്ട്. അവകാശവാദം ഉന്നയിക്കുന്നവർ കരാറിലെ പിഴവുകളുടെ ഉത്തരവാദിത്വംകൂടി ഏറ്റെടുക്കാൻ തയ്യാറാകുമോ? ഉമ്മൻചാണ്ടി സർക്കാർ കരാർ ഒപ്പിട്ടപ്പോൾ 6000 കോടിയുടെ കടൽക്കൊള്ള എന്നാരോപിച്ചു സമരപരമ്പര കാഴ്ചവച്ച എൽ.ഡി.എഫ്., ആ കരാറിൽ ഒരു വരിപോലും മാറ്റാതെ, അദാനിക്കു തുറമുഖം അടിയറവച്ചുകൊണ്ടു പൂർത്തിയാക്കിയ പിണറായി വിജയൻ നടത്തുന്നതും കടൽക്കൊള്ളയാണെന്ന് അംഗീകരിക്കുമോ? ഉദ്ഘാടനച്ചടങ്ങിൽനിന്നു പ്രതിപക്ഷനേതാവിനെ ഒഴിവാക്കിയ നടപടി അങ്ങേയറ്റം പരിഹാസ്യമായില്ലേ എന്നു ചിന്തിക്കണം! കെ. കരുണാകരൻ, ഇ.കെ. നായനാർ, വി.എസ്. അച്യുതാനന്ദൻ, ഉമ്മൻചാണ്ടി തുടങ്ങിയവരെ ഉദ്ഘാടനവേളയിൽ ഒരു വാക്കുകൊണ്ടുപോലും പരാമർശിക്കാഞ്ഞതും അതേസമയം, കരൺ അദാനി അതേ വേദിയിൽ ഈ പദ്ധതിക്കുവേണ്ടിയുള്ള ഉമ്മൻചാണ്ടിയുടെ ത്യാഗങ്ങളെയും സഹനങ്ങളെയും അനുസ്മരിച്ചതും വേദിയിലിരുന്ന മുഖ്യമന്ത്രിക്കു ക്ഷീണമായി എന്നതിൽ തർക്കമില്ല. അവകാശവാദങ്ങളല്ല, സംസ്ഥാനവികസനത്തിനായി സഹവർത്തിത്വത്തോടെ പ്രവർത്തിക്കുകയെന്നതാണ് തങ്ങളുടെ കടമയെന്ന് ഭരണ - പ്രതിപക്ഷങ്ങൾ എന്നാണു മനസ്സിലാക്കുക? ■

# ഏറുമാടത്തിൽനിന്നൊരു സുവിശേഷം



ഡോ. തോമസ് മൂലയിൽ

അവനാരെന്നറിയുന്നതിനുമുമ്പ് ഞാനാരെന്നറിയണമല്ലോ. മൂന്നുപതിറ്റാണ്ടുകൾക്കപ്പുറം രോഗീസന്ദർശനത്തിനായി പോയപ്പോൾ കണ്ട ഒരു വന്ദ്യവയോധികൻ. തീർത്തും കിടപ്പിലല്ല. എങ്കിലും, പരസഹായം കൂടാതെ നടക്കാൻ പറ്റില്ല. ഞാൻ ചെന്നപ്പോൾ അദ്ദേഹം കിടക്കുകയാണ്. എന്നെ കണ്ടപാടേ എഴുന്നേറ്റിരുന്നു. മേൽക്കട്ടിയിൽ ബന്ധിച്ചിട്ടുള്ള കയറിൽപ്പിടിച്ചാണെഴുന്നേറ്റത്. അല്പം സംസാരിച്ചുകഴിഞ്ഞപ്പോഴാണു പറയുന്നത്: "അച്ചോ, സ്തുതി ചൊല്ലാൻ മറന്നുപോയി; ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ." ഞാൻ വയസ്സു ചോദിച്ചു. '39!' മറുപടി വന്നു. അക്കൂട്ടത്തിൽ പറഞ്ഞു: "ഇനി കൂടിയാൽ പത്തോ ഇരുപത്തഞ്ചോവർഷംകൂടി കാണും...!" ഞാൻ അല്പമൊന്നു പരുങ്ങി. അപ്പോൾ ഒരു ചോദ്യം.

"അച്ചന് എത്ര വയസ്സുണ്ട്?" ഞാൻ പറഞ്ഞു: '39'. ഇനി, അതൊന്നു തിരിച്ചിട്ടുനോക്കിക്കേ...! ആളു മനസ്സിലായി.



അല്പം കഴിഞ്ഞു. കണ്ണൻചിരട്ടയുടെ വട്ടത്തിലുള്ള ഒരു പാടു കാണിച്ചുകൊണ്ട് അദ്ദേഹം സംസാരം തുടർന്നു. ദേഹണ്ഡിക്കാൻ മലബാറിനുപോയപ്പോഴുണ്ടായ അനുഭവം. വനം കൈയേറി ദേഹണ്ഡമാരംഭിച്ചു. കൂട്ടിനു കാട്ടുമൃഗങ്ങളെല്ലാമുണ്ട്. വളരെ സൂക്ഷിച്ചും ശ്രദ്ധിച്ചുമാണ് നടക്കുന്നത്. ഒരു ദിവസം ഇതാ, അവൻ (കടുവ) തൊട്ടുമുമ്പിൽ! അകപ്പെട്ടെന്നുറപ്പ്! ദൈവമേ രക്ഷിക്കണേ എന്നു പറഞ്ഞുകൊണ്ട് ഇടത്തെ തോൾ അവന്റെ നേരേ നീട്ടി. വലത്തെ കൈയിലുണ്ടായിരുന്ന കത്തികൊണ്ട് അവന്റെ പള്ള കുത്തിക്കീറി. അവൻ അങ്ങോട്ടു ചരിഞ്ഞു. ഞാൻ ഇങ്ങോട്ടും! പിന്നെ ഒന്നും ഓർക്കുന്നില്ല.

ഏതായാലും, ഏറുമാടം അടുത്തായിരുന്നതിനാലും ദേഹണ്ഡക്കാരൊക്കെ സമീപത്തുണ്ടായിരുന്നതിനാലും കാറിച്ചയും കൂവിച്ചയും ബഹളവുമെല്ലാം കേട്ട് ആളുകൾ ഓടിക്കൂടി. ഏതാണ്ടൊക്കെ പച്ചമരുന്നു വച്ചുകെട്ടി രക്ഷപ്പെട്ടെന്നു പറഞ്ഞാൽ മതിയല്ലോ. ദൈവം രക്ഷിച്ചു.

'ഏറുമാടം' എന്ന വാക്ക് എന്റെ ചെവിയിൽ മുഴങ്ങിനിന്നു. ഇതു കേട്ടിട്ടേയുള്ളൂ. എന്താണെന്നു ഞാൻ എടുത്തുചോദിച്ചു. മൂപ്പിൽസ് കൂടുതൽ വാചാലനായി: നാലാൾ പിടിച്ചാൽ പിടിമുട്ടാത്ത മുട്ടൻമരങ്ങൾ വനത്തിലുണ്ട്. അതിൽ ചിലതിൽ നല്ല ഏനത്തിനു കവരകളുണ്ടാകും. ആന തുമ്പിക്കൈ നീട്ടിയാൽ എത്താത്ത ഉയരത്തിൽ ബലമുള്ള ഇല്ലികൾ ശിഖരത്തിൽ ബന്ധിച്ചു കെട്ടിനിർത്തും. അതിൽപിന്നെ നെടുകെയും കുറുകെയും പൊട്ടിച്ച ഇല്ലിക്കമ്പുകൾ വച്ചുകെട്ടും. അപ്പോൾ ഒരു തട്ടുപോലെയാകും. ചുറ്റിലും ഇല്ലിക്കമ്പുകെട്ടി പുല്ലുമേഞ്ഞ് മറയ്ക്കും. നനയാതിരിക്കാൻ മേൽക്കൂര കെട്ടി പുല്ലുമേയും. ഒരു കോണിൽ ഒരു ചാക്കിട്ട് അതിൽ, കനത്തിനു മണ്ണിടും. അപ്പോൾ അടുപ്പുകൂട്ടാനുള്ള സൗകര്യമായി. അത്യാവശ്യം അരിയും കറിസാമാനങ്ങളും കാപ്പിപ്പൊടിയുംകൊണ്ട് വല്ലതും ആക്കിപ്പെറുക്കിക്കഴിക്കാം. രാത്രിയിൽ പന്തം കൊളുത്തി നിർത്തും. തീ കണ്ടാൽ ആന പൊയ്ക്കൊള്ളും. കൂടാതെ, പടക്കവും കരുതിയിരിക്കും. പടക്കം പൊട്ടുന്നതു കേട്ടാൽ ആന വിട്ടുപൊയ്ക്കൊള്ളും ഇതാണ് ഏറുമാടം.

"അടുത്തെങ്ങാനും പള്ളിയുണ്ടോ?" ഞാൻ ചോദിച്ചു. "എന്റെ അച്ചോ, എന്നെ ഏറ്റവും കൂടുതൽ വിഷമിപ്പിച്ച ഒരു കാര്യം അതായിരുന്നു. പതിനഞ്ചു മൈലെങ്കിലും നടക്കണം പള്ളീൽ പോകാൻ. ഞായറാഴ്ചക്കുർബാന ഒരിക്കലും മുടക്കീട്ടില്ല കേട്ടോ!" പതിനഞ്ചു മൈൽ നടന്നു കുർബാനയ്ക്കു പോവുക, അതും മുടങ്ങാതെ! ഇന്നു മുട്ടിനുമുട്ടിനു പള്ളികളുണ്ട്. സ്വന്തം വണ്ടിയില്ലാത്തവരോ ചുരുക്കം. എങ്കിലും... മനുഷ്യന്റെ മനോഭാവത്തിൽ വന്ന മാറ്റം! ഞാൻ ഓർത്തുപോയി...!

ചുറ്റുവട്ടത്തുള്ള എല്ലാവരും കൂടി ഒരു ഷെഡ് ഉണ്ടാക്കി. പിറ്റേന്നുതന്നെ ആന അതു പൊക്കം വിട്ടു!

നിരാശപ്പെടാതെ, സാമാന്യം ഉറപ്പുള്ള മറ്റൊരു ഷെഡുണ്ടാക്കി. രാത്രികാലത്ത് തീ കത്തിച്ചു കാവലിരുന്നു. അതിൽപ്പിന്നെ ആനയുടെ ശല്യം ഉണ്ടായില്ല. കുർബാന ചൊല്ലാൻ പതിനഞ്ചു മൈൽ അകലെനിന്ന് അച്ചൻ വരണം. ഞങ്ങൾ സങ്കടം അച്ചനെ അറിയിച്ചു. അച്ചൻ പറഞ്ഞു: ഞായറാഴ്ച പറ്റില്ല. ഇടദിവസം ആഴ്ചയിൽ ഒരു കുർബാന ചൊല്ലിത്തരാം! ആദ്യമൊക്കെ, ഞങ്ങൾ ആരെങ്കിലും പോയി അച്ചനെ കൂട്ടിക്കൊണ്ടുവന്നു. പിന്നെ, അച്ചൻ പറഞ്ഞു: ഞാൻ തന്നെ വന്നോളാം... കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങളുൾപ്പെടെ എല്ലാം ഒരു തുണിക്കെട്ടിലാക്കി അച്ചൻതന്നെ അതു ചുമന്നുകൊണ്ടുവന്നു കുർബാന ചൊല്ലിത്തന്നു...!

മിക്കവരും കൊടിവച്ചു പിടിപ്പിച്ചു. കൊടി നന്നായി കായിച്ചു. മുളകിനു നല്ല വിലയും കിട്ടി. അതുകൊണ്ട്, എല്ലാവരും കൂടി സഹകരിച്ച് ഒരു പള്ളി പണിതു. സ്ഥിരമായി ഒരച്ചനും വന്നു. പിന്നെ, പള്ളിക്കൂടമായി, മഠമായി. അതോടെ വലിയ മാറ്റങ്ങളുണ്ടായി. ഇപ്പോൾ വലിയ സിറ്റിയായിപ്പോയില്ലേ...!

ദൈവം സഹായിച്ച്, ആദ്യകാലത്തെ കഷ്ടപ്പാടുകളൊക്കെ മാറി. കൃഷി നന്നായി നടത്തി. എല്ലാക്കൂട്ടവും പറമ്പിലുണ്ടായി. പിള്ളേരെ പഠിപ്പിച്ചു. ഒരാളൊഴികെ എല്ലാവരും ജോലിക്കാരായി. അവരുടെ മക്കളും പഠിച്ചു ജോലിക്കാരായി. പലരും വിദേശത്താണ്.

"പിന്നെന്താ മലബാറീന്ന് ഇങ്ങോട്ടു പോന്നത്?" ഞാൻ ചോദിച്ചു. എല്ലാം ദൈവാനുഗ്രഹം. മാമ്മോദീസാ മുങ്ങിയ പള്ളിയിൽത്തന്നെ മരിച്ചടക്കും നടത്തിയാൽക്കൊള്ളാമെന്നായിരുന്നു എന്റെ ആഗ്രഹം. എന്റെ ഇളയമോന്റെ ഇളയമോൻ ജോയിക്കുട്ടി. അവനെ എനിക്കു വലിയ കാര്യമായിരുന്നു. അവന് എന്നോടും ചെറുപ്പംമുതലേ ഇഷ്ടമാണ്. അവനു ജോലി കിട്ടിയത് ഇവിടെയാണ്. അവൻ ഇവിടെ സ്ഥിരതാമസവുമാക്കി. എന്റെ ഭാര്യ പണ്ടേ മരിച്ചുപോയിരുന്നു. എന്റെ ആഗ്രഹം മനസ്സിലാക്കിയ ജോയിക്കുട്ടി എന്നെ കൂട്ടിക്കൊണ്ടുപോന്നു. അങ്ങനെയാണ് ഇവിടെ എത്തിയത്.

"പള്ളി തൊട്ടടുത്തല്ലേ. തീർത്തും വയ്യാതായിട്ട് അധികമായില്ല. ഞാൻ എല്ലാ ദിവസവും രാവിലെ പള്ളീൽ പോകുമായിരുന്നു. അതിരാവിലെ ഉണരും. നാലുമണിക്ക് എഴുന്നേറ്റ് ഒരു മുഴുവൻ കൊന്ത ചൊല്ലും. പിന്നെ പള്ളീൽ പോകും. അഞ്ചരയ്ക്ക് പള്ളീലെത്തും. പള്ളി തുറക്കാനും മറ്റും ഞാൻ കപ്യാരുകൊച്ചനെ സഹായിക്കും. പിന്നെ പള്ളീലിരുന്നു കൊന്ത ചൊല്ലും. കുർബാന കഴിഞ്ഞു മടങ്ങിപ്പോരും.

"ഒരുവിധത്തിൽ പറഞ്ഞാൽ, ഞാൻ ഭാഗ്യവാനാണ്. ജോയിക്കുട്ടിയും അവന്റെ ഭാര്യയും എന്നെ നന്നായി പരിചരിക്കുന്നുണ്ട്. എനിക്ക് ഒന്നിനും ഒരു കുറവും വരരുതെന്ന് അവർക്കു നിർബന്ധമാ. എങ്കിലും, അച്ചാ എനിക്കു മോക്ഷം കിട്ടുമോ?" "പേരപ്പനു മോക്ഷം കിട്ടിയില്ലെങ്കിൽ പിന്നെ ആർക്കാ മോക്ഷം കിട്ടുക?" ഞാൻ പറഞ്ഞുനിർത്തി. ഈ വന്ദ്യവയോധികനെപ്പോലെ അപ്രഖ്യാപിതവിശുദ്ധരായി എത്രയോ ആളുകൾ ഉണ്ട്! അവരുടെയൊക്കെ നല്ല ജീവിതമല്ലേ സഭയുടെ സ്വത്ത്!

■

# സഭയുടെ ശക്തി യുവജനങ്ങൾ

## മാർ ജോസഫ് കല്ലറങ്ങാട്ട്



*പാലാ രൂപത എസ്.എം.വൈ.എം. - കെ.സി.വൈ.എം സുവർണജൂബിലിയാഘോഷം പാലായിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. കേരള ജലവിഭവവകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ, വികാരി ജനറാൾ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, എസ്.എം.വൈ.എം. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി, രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് എഡ്വിൻ ജോസി തുടങ്ങിയവർ സമീപം.*

പാലാ: യുവജനങ്ങളാണ് സഭയുടെ ശക്തിയെന്നും അവരാണ് സഭയെ മുമ്പോട്ടു നയിക്കുന്നതെന്നും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. എസ്.എം.വൈ.എം - കെ.സി.വൈ.എം പാലാ രൂപതയുടെ സുവർണജൂബിലിയാഘോഷസമാപനസമ്മേളനം പാലാ സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

രൂപത പ്രസിഡന്റ് എഡ്വിൻ ജോസി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കേരള ജലവിഭവവകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ മുഖ്യപ്രഭാഷണവും രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണവും നടത്തി. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖപ്രഭാഷണം നിർവഹിച്ചു. എസ്.എം.വൈ.എം ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, എസ്.എം.വൈ.എം. പാലാ രൂപത മുൻ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി, സി. ഷൈനി ഡി.എസ്.ടി., സാജു അലക്സ്, ഫാ. ജോസഫ് ചീനോത്തുപറമ്പിൽ, ജൂബിറ്റ് നിതിൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

പാലാ രൂപത മുൻകാല ഭാരവാഹികളെയും തീം സോങ്ങിൽ പങ്കുകൊണ്ടവരെയും എമർജിങ് യൂണിറ്റുകളെയും ആദരിച്ചു. ജൂബിലിവർഷത്തിൽ നിർമിച്ച ഭവനത്തിന്റെ താക്കോൽ കുടുംബത്തിനു കൈമാറി. രൂപത ജനറൽ സെക്രട്ടറി മിജോ ജോയി സ്വാഗതവും വൈസ് പ്രസിഡന്റ് ടിൻസി ബാബു നന്ദിയും പറഞ്ഞു. മുൻകാല ഡയറക്ടർമാരും ഭാരവാഹികളുമടക്കം രണ്ടായിരത്തിലേറെ യുവജനങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.



*പാലാ അഡാർട്ടിന്റെ റൂബി ജൂബിലിയാഘോഷങ്ങളുടെ സമാപനസമ്മേളനം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. മാണി സി. കാപ്പൻ എം.എൽ.എ., രൂപത വികാരി ജനറാൾ മോൺ. ജോസഫ് കണിയോടിക്കൽ, അഡാർട്ട് ഡയറക്ടർ ഫാ. ജയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോ-ഓർഡിനേറ്റർ എൻ. എം. സെബാസ്റ്റ്യൻ, ജില്ലാ പഞ്ചായത്തംഗം നിർമല ജിമ്മി തുടങ്ങിയവർ സമീപം.*

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ധനവാനും ഉത്കൃഷ്ടനും ദരിദ്രനും ഒന്നുപോലെ ദൈവഭക്തിയിൽ മഹത്ത്വം ആർജിക്കട്ടെ.
പ്രഭാഷകൻ 10:22

**എഡിറ്റോറിയൽ**

# ആമയിഴഞ്ചാൻദുരന്തം ഓർമിപ്പിക്കുന്നത്

സംസ്ഥാനതലസ്ഥാനത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന ആമയിഴഞ്ചാൻ തോട്ടിലെ ദുരന്തകഥയായിരുന്നു കഴിഞ്ഞ രണ്ടുമൂന്നുദിവസമായി കേരളത്തിലെ മാധ്യമലോകം പറഞ്ഞുകൊണ്ടിരുന്നത്. മുഖ്യധാരാദൃശ്യമാധ്യമങ്ങളിൽ പലതും അതിസാഹസികമായ രക്ഷാപ്രവർത്തനം മുഴുവൻസമയവും സംപ്രേഷണം ചെയ്തിരുന്നു. മാലിന്യക്കൂമ്പാരം നീക്കാനിറങ്ങിയ ശുചീകരണത്തൊഴിലാളി ജോയിയുടെ ജീവൻ രക്ഷിക്കാൻ കഴിയാതെപോയത് കേരളത്തെ പൊള്ളിക്കുന്നുണ്ട്. ഒരു നഗരത്തിന്റെ മുഴുവൻ വിഴുപ്പുംപേറിയ മാലിന്യപ്പുഴയിലേക്ക് 1500 രൂപയ്ക്കുവേണ്ടി ജീവൻ പണയം വച്ചിറങ്ങിയ ജോയിയുടെ സമർപ്പണവും രക്തസാക്ഷിത്വവും മറ്റാർക്കൊക്കെയോ പാഠമാകുന്നുണ്ട്.

ജീവന്റെ തുടിപ്പുതേടി രണ്ടുനാൾ മാലിന്യക്കൂമ്പാരത്തിൽ മുങ്ങിത്തപ്പുകയായിരുന്ന അഗ്നിരക്ഷാസേനയുടെ മുപ്പതിലധികം വരുന്ന സ്കൂബാ ടീമിന് കേരളമിപ്പോൾ ഹൃദയാഭിവാദനം അർപ്പിക്കുകയാണ്. അങ്ങേയറ്റത്തെ ആദരവോടെമാത്രമേ നമുക്കവരെയും അവരുടെ പ്രഫഷണലിസത്തെയും ഓർക്കാനാവൂ. ഭാരമേറിയ ഓക്സിജൻ സിലിണ്ടറും ഉപകരണങ്ങളും ചുമലിലേറ്റി ശുചിമുറിമാലിന്യമടക്കം കെട്ടിക്കിടന്ന് ഒഴുക്കുനിലച്ചുപോയ അഴുക്കുതോട്ടിൽ അവർ അതിസാഹസികമായി മുങ്ങിത്തപ്പിയതും, ഇടയ്ക്കുകരയ്ക്കു കയറി സാനിറ്റൈസർ കലർത്തിയ വെള്ളത്തിൽ കുളിച്ചതും, ആരൊക്കെയോ വാരിക്കൊടുത്ത ഭക്ഷണം ഒരുതരത്തിൽ കഴിച്ചിറക്കിയതും ടിവി ചാനലുകളിൽ ലൈവായി കണ്ടത് ഓർമകളിൽനിന്ന് ഇറക്കിവിടാൻ കഴിയാത്തവിധം നൊമ്പരപ്പെടുത്തുന്നതാണ്. അതിലുപരി, അവരുടെ അതിസാഹസികമായ അധ്വാനത്തെയും സമർപ്പണത്തെയും ഓർത്ത് അവരെ നമിക്കേണ്ടിയിരിക്കുന്നു. ചെറിയൊരു അഴുക്കുചാൽ കണ്ടാൽപോലും മൂക്കുപൊത്തിപ്പോകുന്ന നമുക്ക്, ഒരുപക്ഷേ, ടി.വി. ദൃശ്യങ്ങൾ കണ്ടപ്പോൾപ്പോലും അറിയാതെ മൂക്കുപൊത്തിയ നമുക്ക് ചില തിരിച്ചറിവുകളും താക്കീതുകളും ആമയിഴഞ്ചാൻതോട്ടിലെ ദുരന്തം ബാക്കിവയ്ക്കുന്നുണ്ട്.

അധികാരകേന്ദ്രങ്ങളുടെ മൂക്കിനു താഴെ സംഭവിച്ച ദുരന്തത്തിൽ അവരുടെ നടപടികളും പ്രതികരണങ്ങളും കണ്ടും കേട്ടും കേരളം മൂക്കുപൊത്തുകയാണിപ്പോൾ. നിഷ്ക്രിയത്വത്തിന്റെയും നിരുത്തരവാദിത്വത്തിന്റെയും ഭാരം ചുമലിലേല്ക്കാൻ കഴിയാതെ മന്ത്രിമാരും മേയറും റെയിൽവേയും പരസ്പരം പഴിചാരി സ്വയം രക്ഷാപ്രവർത്തനത്തിനു മത്സരിക്കുന്നതു കാണുമ്പോൾ കേരളം ലജ്ജിച്ചുപോകുന്നു! ആമയിഴഞ്ചാൻതോട്ടിൽ മാലിന്യക്കൂമ്പാരം സൃഷ്ടിച്ചതിൽ എല്ലാവരുടെയും ഭാഗത്തു വീഴ്ചകളുണ്ട്. മാലിന്യനിർമാർജനം കൃത്യമായി നടക്കാത്തതാണു കാരണം. കോർപ്പറേഷൻ പരിധിയിൽ അതു ചെയ്യേണ്ടതു കോർപ്പറേഷനും, റെയിൽവേയുടെ ഭാഗത്ത് റെയിൽവേയുമാണ്. 13 വർഷത്തിനിടയിൽ 12 കോടിയിലധികം രൂപ ആമയിഴയഞ്ചാൻതോടു ശുചീകരണത്തിനുമാത്രം ചെലവഴിച്ചിട്ടും ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കാൻ തിരുവനന്തപുരം കോർപ്പറേഷനു കഴിഞ്ഞില്ല എന്നത് ഭരണാധികാരികളുടെ പരാജയം തന്നെയാണ്. ദുരന്തസാധ്യതാപ്രദേശങ്ങളിൽ ആരുടെയും അനുമതിയില്ലാതെ ഇടപെടാൻ ദുരന്തനിവാരണ അതോറിറ്റിക്ക് അധികാരമുണ്ടെങ്കിലും അതും തിരുവനന്തപുരം നഗരത്തിൽ നടന്നിട്ടില്ല. 2015 ൽ ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നടത്തിയ മാതൃകാപ്രവർത്തനങ്ങൾ മുമ്പിലുണ്ടായിട്ടും ആ അധികാരങ്ങളൊന്നും പിന്നീടുപയോഗിക്കാതെപോയതും ഭരിക്കുന്നവരുടെ വീഴ്ചയാണ്.

1993 ൽ ഇന്ത്യയിൽ തോട്ടിപ്പണി നിരോധിക്കുകയും 2013 ൽ ഓടയും സെപ്റ്റിക്ടാങ്കുകളും മനുഷ്യരെ ഇറക്കി വൃത്തിയാക്കുന്നതു നിരോധിച്ചു ഭേദഗതി വരുത്തുകയും ചെയ്തിട്ടുള്ളതാണ്. മാൻഹോളുകളിലുൾപ്പെടെ മാലിന്യം നീക്കുന്നവരുടെ സുരക്ഷയ്ക്ക് 43 തരം സുരക്ഷാ ഉപകരണങ്ങളുടെ പട്ടികയാണുള്ളത്. ജോയിയും കൂട്ടരും ആമയിഴഞ്ചാനിലിറങ്ങിയത് ഇതിലൊന്നുപോലും ഇല്ലാതെയാണെന്നു പറയുമ്പോൾ ഈ മനുഷ്യത്വമില്ലായ്മയുടെ നടത്തിപ്പുകാർ ആരാണോ അവരാണ് നിയമത്തിനുമുന്നിൽ കൊണ്ടുവരേണ്ട യഥാർഥപ്രതികളെന്നു പറയാതെ വയ്യ.

നഗരങ്ങളിലെ ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്കും, സ്വന്തമായി സ്ഥലമുണ്ടെങ്കിൽത്തന്നെ മൂന്നോനാലോ സെന്റിൽ വീടുവയ്ക്കേണ്ടി വരുന്നവർക്കും മാലിന്യനിർമാർജനം ഇന്നു കീറാമുട്ടിയാണ്. ഇത്തരം ഇടങ്ങളിലെത്തി ഹരിതകർമസേനകൾ ജൈവമാലിന്യമുൾപ്പെടെ ശേഖരിക്കാനുള്ള പദ്ധതികൾ ദ്രുതഗതിയിൽ ആവിഷ്കരിക്കേണ്ടതാണ്. മാലിന്യം തരംതിരിച്ചു ശേഖരിക്കുന്നതിനുള്ള ബിന്നുകൾ നഗരസഭാപരിധിക്കുള്ളിലെ പ്രധാനകേന്ദ്രങ്ങളിലെങ്കിലും സ്ഥാപിച്ചാൽ മാലിന്യം വലിച്ചെറിയുന്ന മലയാളികളുടെ തഴക്കദോഷത്തിനു കുറെയൊക്കെ മാറ്റമുണ്ടാകും. ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യാനും സംസ്കരിക്കാനും സർക്കാർ സംവിധാനങ്ങൾ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ചുതുടങ്ങിയാൽ മാലിന്യമുക്തമായ കേരളം യാഥാർഥ്യമാകും. മാലിന്യസംസ്കരണത്തിൽ ശാസ്ത്രീയതയും പ്രഫഷണലിസവും നടപ്പിൽ വരുത്താൻ വൈകിപ്പോയത് ഈ മേഖലയിൽ കേരളത്തിനുണ്ടായ പരാജയമാണെന്നു സമ്മതിക്കേണ്ടിവരും. അതിതീവ്രമഴയും മഴക്കാലരോഗങ്ങളും പകർച്ചവ്യാധികളും കേരളത്തിൽ ഗുരുതരമായിരിക്കുമ്പോൾ, ആരോഗ്യവിചാരവും ശുചീകരണപ്രവർത്തനങ്ങളും നമ്മുടെ വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും സർവോപരി മനുഷ്യത്വത്തിന്റെയും ഭാഗമാകട്ടെ.

# പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിങ് കോളജിന് ഓട്ടോണമസ്പദവിയും നാക് എ ഗ്രേഡും

ചൂണ്ടച്ചേരി: പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിങ് കോളജിന് ഓട്ടോണമസ് പദവിയും നാക് എ ഗ്രേഡും ലഭിച്ചു. ജൂലൈ 13 ശനിയാഴ്ച നടന്ന മെറിറ്റ് ഡെയിൽ കോളജ് രക്ഷാധികാരികൂടിയായ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടാണ് ഓട്ടോണോമസ് പദവി ലഭിച്ച കാര്യം അറിയിച്ചത്. നാക് അക്രഡിറ്റേഷനിൽ ആദ്യ സൈക്കിളിൽത്തന്നെ എ ഗ്രേഡ് ലഭിച്ച വിവരവും അദ്ദേഹം പ്രഖ്യാപിച്ചു. അക്കാദമികമികവ്, ഉയർന്ന പ്ലെയ്സ്മെന്റ്, മികച്ച അടിസ്ഥാനസൗകര്യങ്ങൾ, മതിയായ യോഗ്യതയുള്ള അധ്യാപകർ, ഉയർന്ന അധ്യാപക - വിദ്യാർഥി അനുപാതം തുടങ്ങിയ മികവുകളുടെ അടിസ്ഥാനത്തിലാണ് യു ജി സി ഓട്ടോണമസ് പദവി സെന്റ് ജോസഫ്സിനു ലഭിച്ചത്. ഇരുപത്തിരണ്ടു വർഷത്തെ അക്കാദമിക മികവിനുള്ള നേർസാക്ഷ്യംകൂടിയായി കോളജിനു ലഭിച്ച ഇരട്ടനേട്ടം.

സെന്റ് ജോസഫ്സിനു ലഭിക്കുന്ന അക്കാദമികനേട്ടങ്ങളുടെ പട്ടികയിൽ ഏറ്റവും മികച്ചവയാണ് ഇതെന്ന് ബിഷപ് അനുസ്മരിച്ചു.

മെറിറ്റ് ഡേയിൽ കോളജ് കരസ്ഥമാക്കിയ നാഴികക്കല്ലുകളെ ബിഷപ് എടുത്തുപറഞ്ഞു. മൂല്യബോധമുള്ള ഒരു തലമുറയെ സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യമെന്നും പ്രശ്നങ്ങളിൽനിന്ന് ഓടിയകലാതെ അവയെ നിർഭയം നേരിട്ട് രാഷ്ട്രനിർമാണത്തിനു സജ്ജരാകണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് ഓർമിപ്പിച്ചു.

2002 ൽ ആരംഭിച്ച കോളജിൽ ബിടെക് വിഭാഗത്തിൽ ഒൻപതും എംടെക് വിഭാഗത്തിൽ നാലും പ്രോഗ്രാമുകളാണുള്ളത്. പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമുകളിൽ എംബിഎ, രണ്ടു വർഷ എംസിഎ, അഞ്ചു വർഷ ഇന്റഗ്രേറ്റഡ് എംസിഎ എന്നിവയും ഉൾപ്പെടുന്നു. സിവിൽ എഞ്ചിനീയറിങ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എഞ്ചിനീയറിങ്, മെക്കാനിക്കൽ എഞ്ചിനീയറിങ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് എന്നിവയിൽ പിഎച്ച്ഡിയും സെന്റ് ജോസഫ്സ് നൽകുന്നു. കോളജിലെ ആറു പ്രോഗ്രാമുകൾക്ക് എ ഐ സി റ്റി യിൽനിന്ന് എൻബിഎ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ വർഷം 826 പ്ലേസ്മെന്റ് ഓഫറുകൾ സെന്റ് ജോസഫ്സിലെ അവസാനവർഷ വിദ്യാർഥികൾക്കു നേടാനായി എന്നതും മികവിന്റെ മികച്ച ഉദാഹരണമാണ്.



*പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിങ് കോളജ് മെറിറ്റ് ഡേ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

മെറിറ്റ്ഡേയിൽ കെൽട്രോൺ എം ഡി വൈസ് അഡ്മിറൽ ശ്രീകുമാർനായർ മുഖ്യാതിഥിയായിരുന്നു. ചെയർമാൻ മോൺ. ഡോ. ജോസഫ് മലേപ്പറമ്പിൽ, ഡയറക്ടർ ഫാ. ഡോ. ജയിംസ് ജോൺ മംഗലത്ത്, മാനേജർ ഫാ. മാത്യു കോരംകുഴ, പ്രിൻസിപ്പൽ ഡോ. വി. പി. ദേവസ്യ, വൈസ് പ്രിൻസിപ്പൽ ഡോ. മധുകുമാർ എസ്. എന്നിവർ ചടങ്ങുകൾക്കു നേതൃത്വം നൽകി.

# ദൈവകൃപയുടെ എഴുപത്തഞ്ചു വർഷങ്ങൾ

1-ാം പേജ് തുടർച്ച

വാണിജ്യതത്ത്വങ്ങൾ ധനനഷ്ടങ്ങളുടെ കണക്ക് ആവശ്യപ്പെടുമ്പോഴും വാണിജ്യനിഘണ്ടുവിൽ കാണുന്ന ആത്മീയനേട്ടങ്ങളാണ് രൂപതയുടെ കൈമോശം വരാത്ത ആസ്തിയും നിധിയും. ഇന്ന് രൂപതയിൽ ഉയർന്നുനിൽക്കുന്ന സ്ഥാപനങ്ങളെല്ലാം രൂപതയിലെ ദൈവജനത്തിന്റെ വിശ്വാസത്തിന്റെയും ത്യാഗത്തിന്റെയും മൂർത്തരൂപങ്ങളാണ്. ഇന്നു നാം അനുഭവിക്കുന്ന സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന ആ കാലം സങ്കല്പിക്കാൻ ഇന്നത്തെ കുട്ടികൾക്കോ യുവജനങ്ങൾക്കോ സാധിക്കുകയില്ല. കറുപ്പും വെളുപ്പുമായ മങ്ങിയ കുറെ ഫോട്ടോകളോ മഷി മാഞ്ഞുപോകാറായ കുറെ കയ്യെഴുത്തു രേഖകളോ അന്നത്തെ ദുരിതങ്ങളുടെ ചിത്രം തരുന്നില്ല. കാരണം, അന്നത്തെ ദുരിതങ്ങൾ എന്തൊണെന്നു തിരിച്ചറിയാൻ വൈദികർക്കോ അല്മായർക്കോ താരതമ്യം ഒന്നുമില്ലായിരുന്നു. അന്ന് മൈക്രോവേവോ വൈദ്യുതിവിളക്കോ ഫാനോ റഫ്രിജറേറ്ററോ എയർകണ്ടീഷൻ ചെയ്ത മുറികളോ വാഹനങ്ങളോ ഒരു സ്ഥാപനത്തിനുമില്ലായിരുന്നു. ഇന്നു ജനങ്ങൾക്കു ലഭ്യമായ ഭക്ഷണവസ്തുക്കൾ അന്ന് അന്യമായിരുന്നു. ജനങ്ങൾക്കു പൊതുവെയും, വൈദികർക്കും സന്ന്യസ്തർക്കും പ്രത്യേകിച്ചും പോഷകാഹാരം എന്നത് അന്നജം മാത്രമായി സങ്കല്പിച്ച കാലമായിരുന്നു അത്. രൂപതയുടെ ആദ്യത്തെ പതിറ്റാണ്ടിൽ വിശുദ്ധ കുർബാനയുടെ അർപ്പണത്തിനുമുമ്പുള്ള ഉപവാസം 12 മണിക്കൂറായിരുന്നു. യാത്രാസൗകര്യങ്ങൾ വളരെ കുറവായിരുന്നതിനാൽ വൈദികർ ദുരിതപ്പെട്ടു ജീവിച്ച ആ കാലഘട്ടം ഇന്നു സങ്കല്പിക്കാൻ സാധിക്കുകയില്ല. അന്ന് എല്ലാവർക്കും ഊർജ്ജം പകർന്നതു ദൈവവിശ്വാസവും പരിശുദ്ധസിംഹാസനത്തോടും സഭാനിയമങ്ങളോടുമുള്ള വിശ്വസ്തതയും കൂദാശകളുടെ മുടങ്ങാത്ത സ്വീകരണവുമായിരുന്നു. സുകൃതമഞ്ജരി എന്ന പേരിൽ വൈദികർക്കും മെത്രാന്മാർക്കും സമർപ്പിക്കപ്പെട്ടിരുന്ന വലിയ സമ്മാനങ്ങൾ അമൂല്യമായ ആത്മീയസമ്പത്തിന്റെ തെളിഞ്ഞ രേഖകൾ ആയിരുന്നു.

സാമ്പത്തികഞെരുക്കമുള്ള കാലത്തും രൂപതയിലെ വിശ്വാസികളും വൈദികരും അത് ആത്മീയസമ്പത്താക്കി മാറ്റി എന്നു പറയുമ്പോൾ ഇന്ന് ഒരു സാമ്പത്തിക ശാസ്ത്രജ്ഞനും അതു വിശദീകരിക്കാനാവില്ല. ആത്മീയതയുടെ മൂർത്തരൂപങ്ങളായ സ്ഥാപനങ്ങളെ തകർന്നുവീഴാതെ കാത്തുപോന്നത് രൂപതയുടെ വലിയ ധാർമികശക്തികൊണ്ടാണ്. മീനച്ചിൽ താലൂക്കിലെയും അടുത്തുള്ള വൈക്കം താലൂക്കിലെയും പ്രദേശങ്ങളുടെ സാംസ്കാരിക - കാർഷിക പാരമ്പര്യങ്ങൾ ഈ ആത്മീയശക്തിയിൽ പച്ചപിടിച്ചു എന്നു പറയാൻ നമുക്കു സാധിക്കും. കാരണം, ആത്മീയമായ ദിശാബോധം ഭൗതികമായ നേട്ടങ്ങൾക്കു പിന്നിലുണ്ടായതുകൊണ്ടാണ് ഇതു സാധ്യമായത്. ആദർശവാദവും ഭൗതികവാദവും (idealism and materialism) വിപരീതരീതിയിലാണ് വസ്തുക്കളെ കാണുന്നത്. ഭൗതികവാദികൾ ആശയങ്ങളെ വസ്തുവിന്റെ ഉത്പന്നങ്ങളായിട്ടു കാണുന്നു. ആദർശവാദികൾ വസ്തുക്കളെ ആശയങ്ങളുടെ ഉത്പന്നമായി കാണുന്നു. ഈ രണ്ടു ചേരികളിലുംപെടാതെ ദൈവരാജ്യത്തിന്റെ നന്മയിലും ദൈവപുത്രന്റെ കൃപയിലും പരിശുദ്ധ റൂഹായുടെ സഹവാസത്തിലും എല്ലാ പ്രവർത്തനങ്ങളെയും വിശുദ്ധീകരിക്കാനും വിശദീകരിക്കാനും നമുക്കു സാധിച്ചിട്ടുണ്ട്.

ഗലീലിത്തടാകത്തിൽ മുങ്ങാൻ തുടങ്ങിയ വഞ്ചിയിലെ ശിഷ്യരുടെ അനുഭവത്തിലൂടെ നമ്മൾ കടന്നുപോയിട്ടുണ്ട്. ദൈവവിശ്വാസം വർദ്ധിക്കാനിടവരുത്തിയ നിരവധി നന്മകൾ മാത്രമല്ല, ഈശോയോടൊപ്പം സഹനം ഏറ്റുവാങ്ങിയതിലുള്ള ഭാഗ്യവും നമ്മുടെ രൂപതയിലെ വൈദികരും സന്ന്യസ്തരും അല്മായരും തിരിച്ചറിഞ്ഞിട്ടുണ്ട്.



വിശുദ്ധ അൽഫോൻസാമ്മയുടെയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെയും ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെയും ദൈവദാസൻ കണിയാരകത്ത് ബ്രൂണോ അച്ചന്റെയും ദൈവദാസി കൊളേത്താമ്മയുടെയും പുണ്യകുടീരങ്ങളിൽനിന്ന് ദൈവാനുഗ്രഹം ഏറ്റുവാങ്ങി ജീവിക്കുന്നവരാണ് നമ്മൾ. സ്കൂൾപരീക്ഷയിൽ ജയിച്ചതുകൊണ്ടോ വിദേശത്തു ജോലി കിട്ടിയതുകൊണ്ടോമാത്രമല്ല, ജീവിതപരീക്ഷയിൽ ജയിക്കുന്നതിനുവേണ്ടിയാണ് നമ്മുടെ പ്രിയപ്പെട്ട വിശ്വാസിസമൂഹം ഈ കബറിടങ്ങളിൽ തീർത്ഥാടകരായി എത്തുന്നത്.

ഭൗതികമായി നിസ്വരായ സമർപ്പിതരുടെയും ആത്മീയമായി സഹനങ്ങൾ നേരിടുന്ന വിശ്വാസികളുടെയും ത്യാഗങ്ങൾ ഒരു യൂട്യൂബിലും ഫേസ്ബുക്കിലും ലൈക്ക് നേടുന്നില്ലെങ്കിലും അദൃശ്യനായ ദൈവത്തിന്റെ മുമ്പിൽ അവ വിലപ്പെട്ട നിധികളാണ്. മക്കളെച്ചൊല്ലിയും കുടുംബസമാധാനം കൊതിച്ചും എത്രയോ മാതാക്കളും അവിവാഹിതരായ സ്ത്രീജനങ്ങളും ആരും കാണാതെ കണ്ണീരൊഴുക്കുന്നുണ്ട്. ആധുനികകാലത്തും വലിയ മാറ്റമില്ലാതെ തുടരുന്ന ഇത്തരം നിമിഷങ്ങൾ ടെലിവിഷന്റെ കണ്ണീർപരമ്പരകൾക്കു പ്രചോദനം നൽകിയിട്ടുണ്ടാവും. എന്നാൽ, യഥാർത്ഥമായ വേദന കലാരൂപങ്ങളിലല്ല. കാണപ്പെടാതെപോകുന്ന നല്ല ശമറായക്കാർ നമുക്കു ചുറ്റുമുണ്ടെന്നതാണ് കണ്ണീർപ്പടങ്ങളെക്കാളും കണ്ണീർപ്പരമ്പരകളെക്കാളും വിലമതിക്കേണ്ടത്. ആ കണ്ണീർ ദൈവം കാണാതിരിക്കുകയില്ല. തിരുക്കുടുംബത്തിന്റെയും ഈശോയുടെയും പരിശുദ്ധ അമ്മയുടെയും ചിത്രങ്ങൾക്കു മുമ്പിലും ക്രൂശിതരൂപത്തിന്റെയും മാർ സ്ലീവായുടെയും മുമ്പിലും ഏതാനും നിമിഷങ്ങൾ പ്രാർത്ഥനാനിരതരാകാത്തവർ ഈ രൂപതയിൽ ആരുമില്ലെന്ന് എനിക്കുറപ്പുണ്ട്. അവർക്കു ലഭിക്കുന്ന ശാന്തിയും സമാധാനവും, അന്ന് ഗലീലിയിൽ ക്ഷോഭിച്ച കടൽ ശാന്തമാക്കിയ മിശിഹാ നൽകുന്നതുതന്നെയാണ്. കിടപ്പാടവും വാസയോഗ്യമായ ഭവനവും ഇല്ലാതെ കഴിയുന്ന ഏറെപ്പേർ നമ്മുടെ രൂപതയ്ക്കുള്ളിലുണ്ട്. അത്തരം ആളുകൾക്കുവേണ്ടി 1200 ഭവനങ്ങൾ പണിയാൻ മൂന്നുവർഷത്തിനുള്ളിൽ നമുക്കു കഴിഞ്ഞതു ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും അത്യധ്വാനം കൊണ്ടാണ്.

യുവജനങ്ങളുടെ ഇടയിലെ കോളിളക്കങ്ങൾ ശാന്തമാക്കുന്നതും ഇതേ പ്രാർഥനതന്നെയാണ്. കുടുംബപ്രാർഥനയുടെ നിമിഷങ്ങൾ നമുക്കു സമ്മാനിച്ച ശാന്തി പിൽക്കാലങ്ങളിലെങ്കിലും മധുരമായ ഓർമകളായി ഇന്നു മുതിർന്നവരിലും യുവജനങ്ങളിലും ഉണ്ടെന്നു നമുക്കറിയാം. വർത്തമാനകാലത്തെ ദുഃഖങ്ങളെ കരുണയോടെ കാണുന്ന നേത്രങ്ങൾ തിരുസ്സഭയിലൂടെ പ്രകാശിക്കുന്നുണ്ട്.

പറമ്പിൽ/പള്ളിവീട്ടിൽ ചാണ്ടിമെത്രാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും നിധീരിക്കൽ മാണിക്കത്തനാരും നമ്മുടെ സഭയുടെയും രൂപതയുടെയും അനശ്വര വ്യക്തിത്വങ്ങളാണ്. പാരമ്പര്യത്തിൽ അടിയുറച്ച, പ്രതീക്ഷയിൽ വളരുന്ന പുതിയ തലമുറകളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്താൻ വിശ്വാസപരിശീലകരായ എല്ലാ മുതിർന്നവർക്കും ചുമതലയുണ്ട്. കൂടുതൽ ക്ഷമയോടെ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനം നടത്താൻ നിസ്വാർഥരായ യുവജനങ്ങൾ മുമ്പോട്ടുവരുന്നതിൽ രൂപത എന്നും ആനന്ദിക്കുന്നു.

കഴിഞ്ഞ 74 വർഷങ്ങളിൽ ദൈവാലയശുശ്രൂഷികളും പള്ളിജീവനക്കാരുമായി നമ്മുടെ ഇടവകകളിൽ നിസ്വാർഥസേവനം കാഴ്ചവച്ച എല്ലാവരെയും ഇത്തരുണത്തിൽ സ്നേഹത്തോടെ സ്മരിക്കുന്നു. പ്രതിഫലം എന്തെങ്കിലും നൽകി അവരുടെ സേവനത്തിന്റെ മൂല്യത്തെ ചെറുതാക്കാനാവില്ല. അവരുടെ നന്മയും സന്മനസ്സും പ്രതിഫലംകൊണ്ടു സമ്മാനിക്കാവുന്നതല്ല. അമൂല്യം എന്നു കരുതാവുന്ന ആ സേവനങ്ങൾ അവരുടെ മൂല്യം നഷ്ടപ്പെടുത്താത്ത സ്മാരകങ്ങളായി നിലനില്ക്കട്ടെ.

രൂപതയോടുള്ള വിധേയത്വം പുലർത്താനായി ജീവിതം സമർപ്പിച്ച വൈദികരുടെ ജീവിതങ്ങൾ സ്മരിക്കാൻ നമുക്കു സമയം കണ്ടെത്താം; ഒപ്പം, രൂപതയിലെ സമർപ്പിതസഹോദരിമാരെയും. കാർഷിക മേഖലയിൽ പ്രതിസന്ധികൾ ഏറെയുള്ളപ്പോഴും അവസരോചിതമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. എ.കെ.സി.സി.പോലെയുള്ള അല്മായ മുന്നേറ്റ പ്രസ്ഥാനങ്ങൾ സുസംഘടിതമായി. സമുദായസ്നേഹം വളരെയേറെ വർധിച്ചിട്ടുണ്ട്. ജലപ്രളയങ്ങൾ ഉണ്ടായപ്പോൾ നമ്മുടെ രൂപത ഉണർന്നു പ്രവർത്തിച്ചു.

നമുക്ക് ഏറ്റവും പ്രിയങ്കരനായ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 50 വർഷങ്ങളുടെ സ്മരണ നമ്മുടെ ഭദ്രാസന ദൈവാലയത്തിൽവച്ച് സമുചിതമായി ആഘോഷിക്കാൻ നമുക്കു കഴിഞ്ഞു. 2014 ൽ പാലായിൽവച്ചു നടത്തിയ സി.ബി.സി.ഐ. സമ്മേളനവും ചരിത്രസ്മാരകമായി ഇന്നും നിലനിൽക്കുന്നു. നമ്മുടെ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഈ വർഷം ഓഗസ്റ്റ് 22-25 തീയതികളിൽ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെടുകയാണല്ലോ. സീറോ മലബാർ സഭയിലെ എല്ലാ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട വൈദികരും സമർപ്പിതരും അല്മായരും അസംബ്ലിയിൽ പങ്കെടുക്കും. 2023 നവംബർ 21-22 തീയതികളിൽ നാം നടത്തിയ എപ്പാർക്കിയൽ അസംബ്ലിയിൽ അജപാലനമേഖലയിൽ മുൻഗണന കൊടുക്കേണ്ട നിരവധി കാര്യങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്. നമ്മുടെ രൂപതയുടെ പ്രധാനപ്പെട്ട സ്ഥാപനമായ സെന്റ് തോമസ് കോളജിന് ഓട്ടോണമസ്പദവി ലഭിച്ചതും ദൈവം നമ്മോടു കാണിച്ച വലിയ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായി കരുതുകയാണ്.

രൂപതയുടെ സമസ്തമേഖലകളുടെയും നവീകരണമാണ് പ്ലാറ്റിനം ജൂബിലിയിൽ ലക്ഷ്യം വയ്ക്കുന്നത്. നവീകരണത്തിന്റെ ആദ്യപടിയായി രൂപതയിലെ എല്ലാ ഭവനങ്ങളിലും ഹോം മിഷൻ ആരംഭിച്ചുകഴിഞ്ഞു. നാല്പതിനായിരത്തിലധികം വീടുകളിൽ ഇതിനോടകം നമ്മുടെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് സന്ദർശിച്ചു പ്രാർഥിച്ചു.

പ്ലാറ്റിനംജൂബിലിയുടെ ഔപചാരികമായ ഉദ്ഘാടനം ജൂലൈ 26 ന് ഭരണങ്ങാനം അൽഫോൻസാ ഷ്രൈനിൽവച്ചു നടത്തുകയാണ്. അന്നേദിവസത്തെ പരിശുദ്ധ കുർബാനയ്ക്ക് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിക്കും. രൂപതയിലെ ബഹുമാനപ്പെട്ട എല്ലാ വൈദികരും വലിയമെത്രാപ്പോലീത്തായോടുചേർന്നു പരിശുദ്ധ കുർബാന അർപ്പിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന ആത്മീയപ്രാധാന്യമുള്ള കാര്യങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ജൂബിലി വർഷത്തിൽ നടത്തുന്നത്. രൂപതക്കച്ചേരി, ഷലോം സെന്ററിലെ വൈദികർ, ഫൊറോനാവികാരിമാർ, ആലോചനാസമിതിയംഗങ്ങൾ, പാസ്റ്ററൽ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽമാർ എന്നിവരോട് ആലോചിച്ച് ഒരു വർഷത്തേക്കുള്ള പദ്ധതികൾക്കു രൂപഭാവങ്ങൾ നൽകിക്കഴിഞ്ഞു.

പ്ലാറ്റിനം ജൂബിലിവർഷം നമുക്കു വിശ്വാസത്തിൽ ആഴപ്പെടാനും സുവിശേഷചൈതന്യത്തിൽ കൂടുതൽ വളരാനുമുള്ള അവസരമാകട്ടെ. പാലാ രൂപതയിലെ ഓരോ വ്യക്തിയുടെയും ജൂബിലിയാണ് ഇത്.

■


# അൽഫോൻസാമ്മയ്ക്കു തിരുമുൽക്കാഴ്ചയായി നവീകരിച്ച അൾത്താര

■ സുനിൽ പാലാ

ഭാരതത്തിലെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ കബറിടം സ്ഥിതിചെയ്യുന്ന ഭരണങ്ങാനം പള്ളിയിലേക്ക് ഓരോ ദിവസവും എത്തിക്കൊണ്ടിരിക്കുന്ന വിശ്വാസികളുടെ എണ്ണം ഏറുകയാണ്. വിശുദ്ധിയുടെ പരിമളം പരത്തുന്ന അൽഫോൻസാമ്മയുടെ ദിവ്യസാന്നിധ്യമുള്ള ഷ്റൈനിന്റെയും ചാപ്പലിന്റെയും നവീകരണം പൂർത്തിയായി.

പൗരസ്ത്യസഭകളുടെ പുരാതന പാരമ്പര്യമനുസരിച്ചാണ് അൾത്താര രൂപകല്പന ചെയ്തിരിക്കുന്നത്. മധ്യത്തിൽ സ്ലീവായും വശങ്ങളിലും മുകളിലും ഐക്കണുകളും സ്ഥാപിച്ചിരിക്കുന്നു. പൂർണമായും തടിയിലാണ് അൾത്താര നിർമിച്ചിരിക്കുന്നത്. കൊത്തുപണികളുടെ മാന്ത്രിക സ്പർശത്താൽ അതീവസുന്ദരമാണ് അൾത്താരയുടെ അലങ്കാരപ്പണികൾ.

ഇരുപത്തഞ്ചോളം കലാകാരൻമാരും സാങ്കേതികവിദഗ്ധരും മറ്റു ജോലിക്കാരും ചേർന്ന് അമ്പതുദിവസംകൊണ്ടാണ് ഈ വിസ്മയം ഒരുക്കിയത്. അൾത്താരയുടെ മധ്യത്തിൽ സ്ഥാപിച്ചിരിക്കുന്ന മാർത്തോമ്മാക്കുരിശ് ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രതീകമാണ്. ഏറ്റവും മുകളിൽ രാജാവായി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിന്റെ ഐക്കൺ സ്ഥാപിച്ചിരിക്കുന്നു. കുരിശിന്റെ രണ്ടു വശങ്ങളിലായി പരിശുദ്ധ മറിയത്തിന്റെയും വിശുദ്ധ അൽഫോൻസാമ്മയുടെയും ഐക്കണുകൾ സ്ഥാപിച്ചിരിക്കുന്നു. മദ്ബഹായുടെ മേൽത്തട്ടിൽ അലങ്കാരമായി പന്തക്കുസ്തായുടെ അനുഭവത്തെ സൂചിപ്പിക്കുന്ന പ്രാവിന്റെ സുന്ദരമായ ഐക്കൺ വർണാഭമായി പ്രതിഷ്ഠിച്ചിട്ടുണ്ട്. അൾത്താരയുടെ വശങ്ങളിലെ ഭിത്തികളിൽ ഈശോയുടെ തിരുപ്പിറവി, ജ്ഞാനസ്നാനം, പുനരുത്ഥാനം, തീനാവുകളാൽ അഭിഷിക്തരായ ശിഷ്യന്മാരുടെ പന്തക്കുസ്താനുഭവം എന്നീ സുവിശേഷസന്ദർഭങ്ങളുടെ ഐക്കണുകളും സ്ഥാപിച്ചിരിക്കുന്നു. അന്ത്യത്താഴത്തിന്റെ ഐക്കൺ അൾത്താരയുടെ ചുവട്ടിൽ അർഥപൂർണമായി ചിത്രീകരിച്ചിരിക്കുന്നു.



മദ്ബഹായിലുള്ള എല്ലാ ചിത്ര, അലങ്കാരപ്പണികളും കരവേലയാൽ തീർത്തവയാണ്. യന്ത്രങ്ങളിൽ രൂപപ്പെടുത്തിയ ഒരു കൊത്തുപണിയും അൾത്താരയിൽ ഇല്ല.

വചനപീഠങ്ങളും ബേമ്മയും തടിയിൽ തീർത്ത പൂക്കളാൽ അലങ്കൃതമാണ്. ബേമ്മയുടെ മുകൾവശവും ഐക്കണുകൾകൊണ്ടു സമ്പുഷ്ടം. വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിനു മുകൾഭാഗം അലങ്കാരപ്പണികൾകൊണ്ടു സുന്ദരമാക്കിയിരിക്കുന്നു. കുരിശിനെ സ്നേഹിച്ച അൽഫോൻസാമ്മയുടെ കബറിടത്തിനു സമീപം സ്ഥാപിച്ചിരിക്കുന്ന കുരിശുരൂപം പവിത്രതയുടെയും ദൈവസാന്നിധ്യത്തിന്റെയും അടയാളങ്ങളായ പൊൻകിരണങ്ങളാൽ ചുറ്റപ്പെട്ടുനിൽക്കുന്നു. ജനമധ്യത്തിലേക്കിറങ്ങിവന്ന ഗാഗുൽത്തായായി 14 അടി ഉയരമുള്ള ക്രൂശിതരൂപം കൃപ ചൊരിഞ്ഞുനിൽക്കുന്നു. കബറിടത്തിനു സമീപത്തായി കലാചാതുരിയോടെ ഗ്ലാസിൽ തീർത്ത അൽഫോൻസാമ്മയുടെ ചിത്രവും പ്രതിഷ്ഠിച്ചിരിക്കുന്നു.

അൾത്താരയോടൊപ്പം എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടി സങ്കീർത്തിയും തീർഥാടകർക്ക് അവരവരുടെ സ്വന്തം ഭാഷകളിൽ ബലിയർപ്പിക്കുന്നതിനായി മനോഹരമായ സൈഡ് ചാപ്പലും മൗനപ്രാർഥനയ്ക്കും ധ്യാനത്തിനുമായി മൂന്നാമത് ഒരു ചാപ്പലും ക്രമീകരിച്ചിട്ടുണ്ട്.

തീർഥാടനകേന്ദ്രം റെക്ടർ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, വൈസ് റെക്ടർ ഫാ. ആന്റണി തോണക്കര എന്നിവരുടെ നിരന്തരമേൽനോട്ടത്തിലാണ് അമ്പതു ദിനരാത്രങ്ങൾകൊണ്ടു പണികൾ പൂർത്തീകരിച്ചത്. പൗരസ്ത്യദർശനവൈഭവത്തോടെ അൾത്താരയുടെ പ്ലാൻ തയ്യാറാക്കി ജോലികൾക്കു നേതൃത്വം നൽകിയത് ഉണ്ണി സെബിനും സുഹൃത്തുക്കളുമാണ്. പ്രസിദ്ധ ആർട്ടിസ്റ്റ് ഫാ. സാബു മണ്ണട എം.സി.ബി.എസ്. ആണ് അൾത്താരയിലെ ഐക്കണുകൾ വരച്ചത്.



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



Very Rev. Fr. Vicar, Asst. Vicars & Parishioners

ST. MARY'S FORANE CHURCH

BHARANANGANAM



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Director

ALPHONSIAN PASTORAL INSTITUTE

EPARCHY OF PALAI

Arunapuram

Email: alphonsianpst@gmail.com PH: 8590793411

# അൽഫോൻസാമ്മയ്ക്ക് പാലാ രൂപത നൽകുന്ന ഏറ്റവും വലിയ സമ്മാനം

ഭരണങ്ങാനം: അൽഫോൻസാമ്മയ്ക്കു പാലാ രൂപത നല്കുന്ന ഏറ്റവും വലിയ സമ്മാനങ്ങളിലൊന്നാണ് നവീകരിച്ച അൾത്താരയെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട്. പുതുമോടിയിൽ പുനഃസംവിധാനം ചെയ്ത ഭരണങ്ങാനം അൽഫോൻസാതീർഥാടനകേന്ദ്രത്തിലെ അൾത്താരയുടെ കൂദാശാകർമം ജൂലൈ 11 ന് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

രൂപതയുടെയും സഭയുടെയും വലിയൊരു നിധിയാണ് അൽഫോൻസമ്മയുടെ ജീവിതവും ഈ പുണ്യകുടീരവും. ലോകാവസാനം വരെ ഈ വിശുദ്ധകബറിടം ഭരണങ്ങാനത്തുണ്ട്. ഈ പുണ്യകുടീരം ശിഷ്യൻമാർക്ക് ഈശോ നല്കിയതുപോലെയുള്ള ഒരു പ്രാതലാണ് അല്ലെങ്കിൽ ആത്മീയ ഭക്ഷണമാണ്, അദ്ദേഹം പറഞ്ഞു. അൽഫോൻസാമ്മയുടെ പുണ്യകബറിടം സന്ദർശിച്ചു പ്രാർഥിക്കുമ്പോൾ, വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോൾ, കുമ്പസാരിക്കുമ്പോൾ ഇവിടെ വരുന്നവർ ഒരു അദ്ഭുതകരമായ മീൻപിടിത്തം നടത്തുകയാണ്. നമ്മൾ പ്രതീക്ഷിക്കാത്ത ദൈവത്തിന്റെ കൃപ ഈ അമ്മയിലൂടെ ലഭിക്കുകയാണ്. നമ്മുടെ എല്ലാ പ്രയാസങ്ങളും മാറ്റിത്തന്ന് കർത്താവിന്റെ കൂട്ടത്തിൽ ശക്തമായി മുമ്പോട്ടു പോകാനുള്ള അവസരമാണ് ഇവിടെ വരുമ്പോൾ നമുക്കു കിട്ടുന്നത്. എല്ലാവരോടും കർത്താവു പറയുന്നത് നീ എന്നെ അനുഗമിച്ചാൽ മതി, എന്നെക്കുറിച്ചുള്ള രഹസ്യത്തിൽ ആഴപ്പെടുക, നിരന്തരമായി പഠിച്ചുകൊണ്ടിരിക്കുക എന്നാണ്. അങ്ങനെ നിലനില്ക്കാനും മുന്നോട്ടു പോകാനും കൂടുതൽ ശക്തിയോടെ നമ്മുടെ വിശ്വാസം പ്രഘോഷിക്കാനും നമുക്കു സാധിക്കട്ടേയെന്ന് ബിഷപ് പറഞ്ഞു. നവീകരിച്ച ദൈവാലയം ഐക്യത്തിന്റെ അടയാളമാകട്ടേയെന്നും അദ്ദേഹം ആശംസിച്ചു. ഇവിടുത്തെ ത്രോണോസ് അല്ലെങ്കിൽ മദ്ബഹ, ഐക്കൺസ് എന്നിവ അദ്ഭുതകാര്യങ്ങളാണെന്നും ബിഷപ് ചൂണ്ടിക്കാട്ടി.

കൂദാശാകർമത്തിൽ ബിഷപ് എമിരറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ സഹകാർമികനായി. രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, സിഞ്ചെല്ലൂസുമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ എന്നിവരും നിരവധി വൈദികരും കൂദാശാകർമത്തിൽ പങ്കെടുത്തു. നാടിന്റെ നാനാഭാഗത്തുനിന്നുള്ള നൂറുകണക്കിനു സമർപ്പിതരും വിശ്വാസികളും സാക്ഷികളായി.


*ഭരണങ്ങാനം വിശുദ്ധ അൽഫോൻസാതീർഥാടനകേന്ദ്രത്തിലെ നവീകരിച്ച മദ്ബഹയുടെ കൂദാശാകർമം പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ സമീപം.*

തീർഥാടനകേന്ദ്രം റെക്ടർ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, ഫാ. ആന്റണി തോണക്കര, ഭരണങ്ങാനം ഫൊറോന വികാരി ഫാ. സക്കറിയാസ് ആട്ടപ്പാട്ട് തുടങ്ങിയവർ സന്നിഹിതരായിരുന്നു.







# ഐക്കണുകളാൽ വിസ്മയംതീർത്ത് ഫാ. സാബു മണ്ണട

ഭാരതത്തിലെ പ്രഥമ വിശുദ്ധ അൽഫോൻസാമ്മയുടെ നവീകരിച്ച പരിപാവനമായ അൾത്താരയിലെ ഐക്കണുകൾ വരച്ചത് ഒരു വൈദികൻ! പ്രമുഖ ആർട്ടിസ്റ്റും ദിവ്യകാരുണ്യമിഷനറിസഭയിലെ വൈദികനുമായ റവ. ഫാ. സാബു മണ്ണടയ്ക്കാണ് വിശുദ്ധ അൽഫോൻസാമ്മയുടെ രൂപം ഉൾപ്പെടെയുള്ള ഐക്കണുകൾ വരയ്ക്കാനുള്ള ദൈവനിയോഗം ലഭിച്ചത്.

പൗരസ്ത്യസഭകളുടെ പുരാതനപാരമ്പര്യമനുസരിച്ചാണ് അൾത്താര രൂപകല്പന ചെയ്തിരിക്കുന്നത്. മധ്യത്തിൽ സ്ലീവായും വശങ്ങളിലുംമുകളിലും ഐക്കണുകളും സ്ഥാപിച്ചിരിക്കുന്നു. പൂർണമായും തടികളിലാണ് അൾത്താര നിർമിച്ചിരിക്കുന്നത്.

അൽഫോൻസാമ്മയോടുള്ള പ്രാർഥന നിത്യജീവിതത്തിന്റെ ഭാഗമാക്കിയ സാബുവച്ചന് അൽഫോൻസാപ്പള്ളിയിലെ ഐക്കണുകൾ വരയ്ക്കാനുള്ള ഭാഗ്യം എത്തിച്ചേരുകയായിരുന്നു.

ഫാ. സാബു മണ്ണട കുട്ടനാട് നെടുമുടി പൊങ്ങ സ്വദേശിയാണ്. നിലവിൽ ഏലപ്പാറ സർഗാരാം ആർട്ട് സെന്ററിന്റെ നേതൃത്വവും വഹിക്കുന്നു. ചെറുപ്പംമുതലേ ചിത്രകാരനായിരുന്ന സാബുവച്ചൻ അതിരമ്പുഴ മൈനർ സെമിനാരിയിലെ പഠനത്തിനിടെ ഒരു വർഷം തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ ചിത്രരചന അഭ്യസിച്ചു. തുടർന്ന്, ഇറ്റലിയിൽ ഉപരിപഠനത്തിനു പോയപ്പോൾ അവിടെ ഫൈൻ ആർട്സ് കോളജിൽ നാലുവർഷവും റോമിൽ സെന്റ് ആൻസലം യൂണിവേഴ്സിറ്റിയിൽ പെയിന്റിങ്ങും പരിശീലിച്ചു. ആർട്ട് ആന്റ് ആർക്കിടെക്ട് ഫോർ ലിറ്റർജിയിൽ പ്രത്യേക പഠനവും നടത്തി. 2021 ൽ തിരികെയെത്തി കോട്ടയം കാരിത്താസ് ക്രിസ്റ്റോൺ മീഡിയായുടെ ഡയറക്ടറുമായി. ഇതിനോടകം നിരവധി പള്ളികളിലും സെമിനാരികളിലും ചാപ്പലുകളിലും വിശുദ്ധരുടെ രൂപങ്ങൾ റവ. ഫാ. സാബു മണ്ണട ഐക്കണുകളായി ചിത്രീകരിച്ചിട്ടുണ്ട്.

### ഇത് അൽഫോൻസാമ്മ എനിക്കായി നൽകിയ നിയോഗം

ലോകം പ്രാർഥിക്കുന്നതും ശ്രദ്ധിക്കുന്നതുമായ വിശുദ്ധ അൽഫോൻസാമ്മയുടെ പള്ളിയിലെ അൾത്താരയിൽ അൽഫോൻസാമ്മയുടെയും പഠിപ്പിക്കുന്ന ഈശോയുടെയും മാതാവിന്റെയും ഉൾപ്പെടെയുള്ള ഐക്കണുകൾ ചിത്രീകരിക്കാൻ തനിക്കു ലഭിച്ച അവസരം വിശുദ്ധ അൽഫോൻസാമ്മതന്നെ കനിഞ്ഞുനൽകിയതാണെന്ന് ഉറച്ചു വിശ്വസിക്കുന്നുവെന്ന് ഫാ. സാബു മണ്ണട പറഞ്ഞു. അൽഫോൻസാകബറിടത്തിൽ മുട്ടിപ്പായി പ്രാർഥിച്ചാണ് അദ്ദേഹം ചിത്രീകരണത്തിനൊരുങ്ങിയത്. ഇറ്റാലിയൻ കളറുകൾകൂടി ഉപയോഗിച്ചാണ് ഇവിടെ ഐക്കണുകൾ ഒരുക്കിയിട്ടുള്ളത്.




വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Provincial Superior & Sisters
FRANCISCAN CLARIST CONGREGATION (F.C.C.)

ALPHONSA JYOTHI PROVINCE
BHARANANGANAM
PROVINCIAL HOUSE, ARUVITHURA
Ph: 04822- 273417, Fax: 04822-275061 Email:bhmaruvithura@yahoo.co.in

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Provincial Superior & Sisters
FRANCISCAN CLARIST CONGREGATION (F.C.C.)

ALPHONSA PROVINCE
PALA
SAN DAMIANO, PULIYANNOOR, PALA
Ph: 04822- 206019, 206552 Email:fccpalaprovince@yahoo.co.in, Web: fccpala.org


വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
SUPERIOR GENERAL & COMMUNITY
DAUGHTERS OF ST. THOMAS
DST GENERALATE

ഫാ. ജേക്കബ് താഴത്തേൽ
(സഭാസ്ഥാപകൻ)
(1912 – 2009)
BHARANANGANAM PHONE: 04822-236387



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# ബഷീർകഥാപാത്രത്തെ നാണിപ്പിക്കുന്ന നേതാക്കന്മാർ

നേർമൊഴി

ബഷീർകഥാപാത്രമായ എട്ടുകാലി മമ്മൂഞ്ഞിനെപ്പോലും നാണിപ്പിക്കുംവിധമാണ് വിഴിഞ്ഞം തുറമുഖനിർമാണത്തിന്റെ പിതൃത്വം ചില നേതാക്കന്മാർ അവകാശപ്പെട്ടത്. വിഴിഞ്ഞംതുറമുഖത്ത് ആദ്യമായെത്തിയ സാൻ ഫെർണാണ്ടോ എന്ന മദർഷിപ്പിനെ വരവേല്ക്കാൻ സംഘടിപ്പിച്ച സമ്മേളനത്തിൽ തുറമുഖത്തിന്റെ അവകാശത്തർക്കം മറനീക്കി പുറത്തുവന്നു. ഉമ്മൻചാണ്ടിയുടെ ഭരണകാലത്താണ് തുറമുഖനിർമാണത്തിനുള്ള കരാർ അദാനിയുമായി ഒപ്പുവച്ചതെന്ന് എല്ലാവർക്കും അറിയാമെങ്കിലും മുഖ്യമന്ത്രി പിണറായി വിജയൻ മാത്രം അക്കാര്യം മറന്നു. ഉമ്മൻചാണ്ടിയുടെ പേരുപോലും സമ്മേളനത്തിൽ അദ്ദേഹം പരാമർശിച്ചില്ല. രാഷ്ട്രീയഭേദമെന്യേ പലരും അതിനെ നന്ദികേടെന്നു വിശേഷിപ്പിച്ചു. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഉമ്മൻചാണ്ടിയെ മറക്കാനാവില്ലെന്നു സ്പീക്കർ എ.എൻ. ഷംസീർ ഫേസ്ബുക്കിൽ കുറിച്ചു. രാഷ്ട്രീയത്തിൽ തുടരാൻ താത്പര്യമുള്ള മന്ത്രി വാസവൻ ഉമ്മൻചാണ്ടിയെ അനുസ്മരിച്ചു. വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുന്നതിൽ മുഖ്യപങ്കുവഹിച്ച ഉമ്മൻചാണ്ടിയുടെ പേരുപോലും പറയാത്ത നേതാവ് സ്വയം അവഹേളിതനായി. ഉമ്മൻചാണ്ടി കടൽക്കൊള്ള നടത്തുന്നുവെന്നാക്ഷേപിച്ച് സമരം നടത്തിയ പാർട്ടിയാണ് ഇപ്പോൾ തുറമുഖത്തിന്റെ പിതൃത്വം ഏറ്റെടുത്തിരിക്കുന്നത്.

അനാവശ്യമായ അവകാശത്തർക്കത്തിന്റെ പേരിൽ കേരളത്തിൽ എത്രയോ പദ്ധതികളാണ് മുടങ്ങിപ്പോയിട്ടുള്ളത്, വൈകിയിട്ടുള്ളത്. പണി തീർന്നിട്ടും അവകാശത്തിന്റെ പേരിൽ ഉദ്ഘാടനം നടക്കാത്ത എത്രയോ പദ്ധതികളും സ്ഥാപനങ്ങളും റോഡുകളും നമ്മുടെ നാട്ടിലുണ്ട്. തമ്മിലടിക്കുന്ന നേതാക്കന്മാർ മനസ്സിലാക്കേണ്ട കാര്യം ഇത് ആരുടെയും തറവാട്ടുസ്വത്തല്ല എന്നാണ്. ജനങ്ങളാണ് യഥാർഥ അവകാശികൾ. അതിന്റെ കാവൽക്കാരും നടത്തിപ്പുകാരുമാകാനുള്ള അവകാശമാണ് വോട്ടിലൂടെ ജനം നേതാക്കൾക്കു നൽകിയിട്ടുള്ളത്. സാക്ഷരതയിൽ മുന്നിൽനില്ക്കുന്ന കേരളം വികസനത്തിൽ പതിനഞ്ചാം സ്ഥാനത്താണ്. പിന്നിലാകാൻ പ്രധാന കാരണം തമ്മിലടി തന്നെ. ജനത്തെ മറക്കുന്ന നേതാക്കന്മാരെ ജനം മറക്കുന്നില്ലെന്നത് നേതാക്കന്മാരുടെ ഭാഗ്യംതന്നെ.

കേരളത്തിന്റെ വികസനത്തിനു മണ്ണുപോലെ പ്രധാനപ്പെട്ടതാണ് കടലും വനവും. ഇവ രണ്ടും കൊള്ളയടിക്കപ്പെടുന്നുണ്ടെങ്കിലും വികസനത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നില്ല എന്നതാണു സത്യം. വിഴിഞ്ഞംപദ്ധതി ഉദ്ഘാടനം ചെയ്യപ്പെടുകവഴി കടൽ കേരളത്തിന് അനുഗ്രഹമായി മാറിയിരിക്കുകയാണ്. മത്സ്യസമ്പത്തിനെ വെല്ലുന്ന




വരുമാനമാണ് അടുത്ത നാലു വർഷത്തെ പദ്ധതിപൂർത്തീകരണത്തിലൂടെ കേരളത്തിനു ലഭിക്കാൻ പോകുന്നത്. രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം മാറുകയാണ്. കാരണം, ഇന്ത്യയിലെ മറ്റു തുറമുഖങ്ങളെക്കാൾ അനുകൂലമായ ചില ഘടകങ്ങൾ വിഴിഞ്ഞത്തുണ്ട്. വലിയ കപ്പലുകൾ അടുക്കുന്നതിന് കടലിന് 10 മീറ്ററിലധികം ആഴം ആവശ്യമാണ്. വിഴിഞ്ഞത്ത് 20 മീറ്ററിലധികം ആഴമുണ്ട്. എത്ര വലിയ മദർഷിപ്പുകൾക്കും വിഴിഞ്ഞത്ത് അടുക്കാൻ സാധിക്കും. രണ്ടാമത്തെ ഘടകം പ്രധാന കപ്പൽച്ചാലിൽനിന്നു വിഴിഞ്ഞം തുറമുഖത്തേക്ക് 10 നോട്ടിക്കൽ മൈൽ (19 കിലോമീറ്റർ) മാത്രമാണ് ദൂരം. അതായത്, കപ്പലുകൾക്ക് ഒരു മണിക്കൂർ സഞ്ചരിച്ചാൽ തുറമുഖത്തെത്താം. ഒരു കപ്പലിലെ കണ്ടെയ്നറുകൾ കയറ്റിയിറക്കാനുള്ള ശരാശരി സമയം പത്തു മണിക്കൂറാണ്.

വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടം കമ്മീഷൻ ചെയ്യുന്നതിന് ഇനി മൂന്നു മാസംകൂടി വേണം. കഴിഞ്ഞ ദിവസം നടന്നത് ട്രയൽറൺ മാത്രമാണ്. ഇപ്പോൾ വിഴിഞ്ഞം തുറമുഖത്തിന് 800 മീറ്റർ ബർത്താണുള്ളത്. വരുന്ന നാലു വർഷത്തിനിടയിൽ ബർത്തിന്റെ ദൈർഘ്യം രണ്ടു കിലോമീറ്ററായി നീട്ടിയാൽ ഒരേസമയം 6 കപ്പലുകൾക്കു കയറ്റിയിറക്കുജോലി നിർവഹിക്കാനാകും. നിലവിൽ, കണ്ടെയ്നർ കപ്പലുകളുടെ നീളം 300 മുതൽ 400 വരെ മീറ്ററാണ്.

ഇപ്പോൾ രണ്ടു കപ്പലുകൾക്കാണ് ഒരേ സമയം ജോലി ചെയ്യാവുന്നത്. ഇതോടൊപ്പം പുലിമുട്ടുകളുടെ നിർമാണവും നടക്കണം. ഇപ്പോൾ 3005 മീറ്റർ പുലിമുട്ടാണുള്ളത്. അത് നാലായിരം മീറ്ററാക്കണം. ഫ്രഞ്ച് പേറ്റന്റുള്ള അക്രോവോഡ് എന്ന പ്രത്യേകതരം കോൺക്രീറ്റ് നിർമിതി ഉപയോഗിച്ചാണ് 20 മീറ്റർ ആഴമുള്ള കടലിന്റെ അടിത്തട്ടുമുതൽ ജലനിരപ്പിനു മുകളിൽ നാലു മീറ്റർ ഉയരത്തിൽ പുലിമുട്ടു നിർമിച്ചത്.

ഇപ്പോൾ എട്ട് ഷിപ്പു ടു ഷോർ ക്രെയിനുകളും 23 യാർഡ് ക്രെയിനുകളുമുപയോഗിച്ചാണ് കയറ്റിറക്കു നടത്തുന്നത്. ഇതിനുപുറമേ, 12 സെമി ഓട്ടോമേറ്റഡ് ക്രെയിനുകളും 36 യാർഡ് ക്രെയിനുകളും അടുത്തഘട്ടത്തിൽ ആവശ്യമാണ്. ഇപ്പോൾ 10 ലക്ഷം ടിഇയു കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ട്. നാലുവർഷം കഴിഞ്ഞാൽ അത് 30-40 ലക്ഷമായി ഉയരും. ഒരു മദർഷിപ്പിൽ 1200 കണ്ടെയ്നറുകളാണുണ്ടാവുന്നത്. മദർഷിപ്പ് തുറമുഖത്തുനിന്നു മാറിയാൽ ഫീഡർഷിപ്പുകൾവഴി കണ്ടെയ്നറുകൾ മുംബൈ, കൽക്കട്ട, ചെന്നൈ, മംഗലൂർ, കൊച്ചി എന്നിവിടങ്ങളിലേക്കു കൊണ്ടുപോകും. ഓരോ ചരക്കുനീക്കത്തിനും പല തരത്തിലുള്ള നികുതികൾ ഈടാക്കും. അതാണ് കേരളത്തിന്റെ വരുമാനമാർഗം. തമ്മിലടിച്ച് അതു നശിപ്പിക്കാതിരിക്കുക. ■

1-ാം പേജ് തുടർച്ച

# സഹിക്കുന്നവരോടു പക്ഷംചേർന്ന അൽഫോൻസിയൻദർശനം

ഒന്നാലോചിച്ചാൽ, നമ്മുടെ പിതാവായ മാർത്തോമാശ്ലീഹാ നൽകിയ ദർശനംതന്നെയാണ് അൽഫോൻസിയൻദർശനം. നമ്മുടെ പിതാവ് നമ്മെ പഠിപ്പിച്ച ആ ദർശനമാണ് അൽഫോൻസാമ്മ ജീവിതത്തിൽ ഉൾച്ചേർത്തത്. കാരണം, മറ്റു ശിഷ്യന്മാർ ഈശോയെ കണ്ടു എന്നു പറഞ്ഞപ്പോൾ തോമാശ്ലീഹാ പറഞ്ഞു: "എനിക്കും കർത്താവിനെ കാണണം. അവിടുത്തെ കൈകളിലെ ആണിപ്പഴുതുകളിൽ എന്റെ വിരലിടണം. അവന്റെ തിരുവിലാവിൽ എന്റെ കൈ വയ്ക്കണം." ഈശോയുടെ മുറിപ്പാടുകളിലേക്കുള്ള ഒരു ദർശനമായിരുന്നു മാർത്തോമാശ്ലീഹാ നല്കിയത്. അങ്ങനെ ഈശോയുടെ സഹനത്തോടുചേരാൻ, ആ സഹനം ഇന്നു നാം ജീവിക്കുന്ന സാഹചര്യത്തിൽ എപ്രകാരം നമ്മുടെ സഭാസമൂഹവുമായി ബന്ധപ്പെടുത്താൻ സാധിക്കുമെന്നു നമ്മെ ബോധ്യപ്പെടുത്തുന്ന ഒരു ദർശനമാണത്. മാർത്തോമ്മാശ്ലീഹായിൽനിന്നു കിട്ടിയ ആ പൈതൃകമാണ് അൽഫോൻസാമ്മ തന്റെ ജീവിതത്തിലുടനീളം കാത്തുപരിപാലിച്ചത്. ഈശോയുടെ മുറിപ്പാടുകളിലേക്കുനോക്കി സ്വജീവിതത്തെ പൂർണമായും അവൾ ദൈവസന്നിധിയിൽ സമർപ്പിച്ചു. ആ മുറിപ്പാടുകളിലേക്കു നോക്കിയപ്പോൾ തനിക്കു ലഭിച്ച സഹനത്തിന്റെ അർഥം ഉൾക്കൊള്ളാൻ അൽഫോൻസാമ്മയ്ക്കു സാധിച്ചു. അങ്ങനെയാണ് ക്രൈസ്തവജീവിതത്തെ നാമും അനുഗ്രഹമാക്കിത്തീർക്കേണ്ടത്.

സഭയിൽ വേദനിക്കുന്ന അനേകം മനുഷ്യരുണ്ട്. അൽഫോൻസാമ്മ താൻമാത്രം വേദനിക്കുന്നുവെന്നല്ല ചിന്തിച്ചത്, വേദനിക്കുന്ന അനേകരെ ആ വിശുദ്ധ തന്റെ വേദനയിൽ കണ്ടു. അതാണല്ലോ തോമാശ്ലീഹാ പഠിപ്പിച്ചതും. ഈശോയുടെ മുറിപ്പാടുകളിലേക്കു നോക്കിയപ്പോൾ സഹിക്കുകയും നൊമ്പരപ്പെടുകയും ചെയ്യുന്ന എല്ലാവരെയും കാണുകയാണ്. ഈശോ അതാണ് യഥാർഥത്തിൽ തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നതും. വിശുദ്ധ മത്തായിയുടെ സുവിശേഷം 25-ാം അധ്യായത്തിൽ അന്ത്യവിധിയെക്കുറിച്ചു പറയുന്നിടത്ത് അതു വളരെ മനോഹരമായി വിവരിച്ചിരിക്കുന്നു. അതിന്റെ സാരാംശം ഇതാണ്: ഞാൻ വേദനിക്കുന്നവനും ദരിദ്രനും രോഗിയും പരിത്യക്തനും വിശക്കുന്നവനും ദാഹിക്കുന്നവനുമൊക്കെയായാണ് ഈ ലോകത്തിൽ നിങ്ങളുടെ മുമ്പിലുള്ളത്. അവരെയൊക്കെ നിങ്ങൾ എങ്ങനെയാണോ സ്വീകരിക്കുന്നത്, അങ്ങനെയാണ് എന്നെ സ്വീകരിക്കാൻ സാധിക്കുന്നത് എന്ന് ഈശോ പഠിപ്പിക്കുന്നു. സഹിക്കുന്നവരോടുള്ള പക്ഷംചേരലാണ് യഥാർഥത്തിൽ അൽഫോൻസിയൻദർശനത്തിന്റെ കാതൽ. അൽഫോൻസാമ്മ രോഗിയായിരുന്നു. ഒത്തിരിയേറെ സഹിച്ചു. പക്ഷേ, ആ സഹനം, സഹിക്കുന്ന എല്ലാവരെയും കാണാനുള്ള കണ്ണാടിയായിരുന്നു.

ഇന്നു സഭയെ സംബന്ധിച്ച് ഏറ്റവും പ്രധാനമായ കാര്യം, ലോകത്തിൽ ദൈവരാജ്യത്തിന്റെ അടയാളമായ സഭ സഹിക്കുന്നവരോടൊപ്പം നിൽക്കുമ്പോഴാണ് അത് ദൈവരാജ്യത്തിന്റെ ഏറ്റവും ശക്തമായ രൂപമായി ലോകത്തിനു കാണാൻ സാധിക്കുന്നത്. ഇന്ന് എത്രയോ മനുഷ്യരാണ് ഹൃദ്രോഗവും കാൻസറുംമൂലമൊക്കെ വിഷമിക്കുന്നത്. ഓരോ ആഴ്ചയിലും മൂന്നുംനാലും ഡയാലിസിസ് ചെയ്തു ജീവിക്കുന്ന മനുഷ്യരുണ്ട്. അവർമാത്രമല്ല, അവരുടെകൂടെയുള്ള ബന്ധുക്കളും ഈ വേദന അനുനിമിഷം അനുഭവിക്കുകയാണ്. നമ്മുടെ സമുദായത്തിൽത്തന്നെ നാല്പതു വയസ്സു കഴിഞ്ഞിട്ടും, വിവാഹം കഴിക്കാൻ പറ്റാത്ത എത്രയോ പുരുഷന്മാരുണ്ട്. അതുപോലെതന്നെ, വിവാഹം കഴിഞ്ഞിട്ടും കുഞ്ഞുങ്ങളുണ്ടാകാത്ത എത്രയോ ആളുകളുണ്ട്. ഇങ്ങനെ പലതരത്തിൽ വേദനിക്കുന്ന ഒത്തിരിയേറെ മനുഷ്യർ നമുക്കു ചുറ്റിലുമുണ്ട്.

അൽഫോൻസാമ്മ നമ്മെ പഠിപ്പിക്കുന്നത്, ഈ വേദനിക്കുന്ന മനുഷ്യരുടെ നൊമ്പരം ഉൾക്കൊള്ളുമ്പോഴാണ് നമ്മുടെ ജീവിതം കൂടുതൽ അർഥപൂർണമാകുന്നത് എന്നാണ്; സ്നേഹവും ഐക്യവും സന്തോഷവും സമാധാനവും എല്ലാം അനുഭവിച്ച് ദൈവത്തിന്റെ മക്കൾ എന്ന കൂട്ടായ്മയിൽ വസിക്കാൻ നമുക്കു സാധിക്കുന്നതും അപ്പോഴാണ്. ഇങ്ങനെയൊരു സഹനത്തിന്റെ രൂപം നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കണം. അൽഫോൻസാമ്മ രോഗക്കിടക്കയിൽ കിടന്നുകൊണ്ട് മുറിവേറ്റ മനുഷ്യർക്കുവേണ്ടി തന്റെ ജീവിതം സമർപ്പിച്ചു പ്രാർഥിച്ചു. അവരുടെ വേദന താൻ ഏറ്റെടുക്കുകയാണെന്നു പറഞ്ഞു. മറ്റുള്ളവരുടെ വേദന തന്റെ ജീവിതത്തിലേക്കു സ്വീകരിക്കാനുള്ള ഒരു മനോഭാവം, ആ വേദന ഈശോയുമായി തന്നെ ഐക്യപ്പെടുത്തുമെന്നുള്ള ബോധ്യം - ഇവയാണ് അൽഫോൻസാമ്മ ഏറ്റവും പ്രധാനമായി നമ്മെ പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായും നമ്മുടെ മറ്റു സഭാതലവന്മാരുമൊക്കെ നിരന്തരം നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതും മറ്റൊന്നല്ല. വേദനിക്കുന്നവരോടു പക്ഷം ചേരുമ്പോഴാണ് സഭ ഈശോയുടെ സഭയായി ലോകത്തിനുമുമ്പിൽ നിൽക്കുന്നത്. അൽഫോൻസിയൻദർശനവും ഇതുതന്നെയാണ്. അൽഫോൻസാമ്മ രോഗക്കിടക്കയിലായിരുന്നു. കിടക്കയിലായിരുന്നപ്പോഴും അവൾ നിരന്തരം പ്രാർഥിച്ചുകൊണ്ടിരുന്നു. ഇത് പാർശ്വവത്കരിക്കപ്പെട്ട എല്ലാ മനുഷ്യരുമായും ഐക്യപ്പെടാനിടയാക്കി. പ്രാർഥനകൊണ്ടും ജീവിതംകൊണ്ടും നിയോഗംകൊണ്ടും തനിക്കുലഭിച്ച സഹനംകൊണ്ടും അവൾ വേദനിക്കുന്ന മനുഷ്യരെ ശുശ്രൂഷിച്ചു. ഇന്നും അൽഫോൻസാമ്മ ജീവിക്കുന്നതിന്റെ പ്രധാനകാരണം അതാണ്. ജീവിച്ചിരുന്ന കാലത്ത് സഹിക്കുന്ന മനുഷ്യരോടൊപ്പം നിന്നു.

സഹിക്കുന്നവരോടൊപ്പം അൽഫോൻസാമ്മ ഇന്നും ജീവിക്കുന്നുണ്ട്. സഹിക്കുന്ന മനുഷ്യർക്ക് ആശ്വാസവും സാന്ത്വനവും സൗഖ്യവുമായിത്തീരാൻ അവർക്കു കഴിയുന്നത് ജീവിച്ചിരുന്ന കാലത്ത് അവർ ഈശോയുമായി അത്രമാത്രം ഐക്യപ്പെട്ടിരുന്നു എന്നതുകൊണ്ടാണ്. ഈശോയുടെ സഹനരൂപത്തിന്റെ ഒരു നിഴലായി ഈ ഭൂമിയിൽ അൽഫോൻസാമ്മ ജീവിച്ചു. മരണാനന്തരവും ഈശോയുടെ ഒരു നിഴലായിട്ടുതന്നെ അൽഫോൻസാമ്മയെ അനുഭവിക്കാൻ അവളെ സമീപിക്കുന്നവർക്കെല്ലാം കഴിയുന്നുവെന്നത് എത്രയോ ധന്യമാണ്! ■




**ജൂലൈ 28**
**കൈത്താക്കാലം**
**നാലാം ഞായർ**

**നിയ 6:1–9**
**എസെ 3:16–21**
**2 തെസ 2:13–17**
**മത്താ 13:44–52**



**ഫാ. ഡോ. തോമസ് വടക്കേൽ**

# ദൈവരാജ്യം സ്വന്തമാക്കാൻ ഞാൻ എന്തു ചെയ്യണം?

**ദൈ**വരാജ്യം, സ്വർഗരാജ്യം, വാഗ്ദത്തനാട്, മിശിഹായുടെ രാജ്യം തുടങ്ങിയവയെല്ലാം വിശുദ്ധഗ്രന്ഥത്തിലെ പ്രത്യാശാജനകമായ വാക്കുകളാണ്. കർത്താവായ ദൈവത്തോടും രക്ഷകനായ മിശിഹായോടുമൊത്തുള്ള ഫലദായകമായ ഒരു ജീവിതം ഏവരുടെയും അഭിലാഷവും ആഗ്രഹവുമാണ്. കൈത്താക്കാലത്തിലെ നാലാം ഞായറാഴ്ച ദൈവരാജ്യവുമായി ബന്ധപ്പെട്ട ചില ദർശനങ്ങളാണ് നാലു വായനകളിലും നാം ശ്രവിക്കുന്നത്. അതു നേടിയെടുക്കാൻവേണ്ടി എപ്രകാരം ദൈവമക്കൾ ചരിക്കണമെന്നുള്ള ഓർമപ്പെടുത്തലുകളാണ് വായനകളുടെ പ്രമേയങ്ങൾ.

ഒന്നാം വായനയിൽ (നിയമ. 6:1–9), കർത്താവായ ദൈവം വാഗ്ദാനം ചെയ്ത സമൃദ്ധിയുടെ നാട്ടിലേക്കു പ്രവേശിക്കുമ്പോൾ ഇസ്രയേൽജനം പാലിക്കേണ്ട കർത്താവിന്റെ ചട്ടങ്ങളെക്കുറിച്ചും പ്രമാണങ്ങളെക്കുറിച്ചും; രണ്ടാം വായനയിൽ (എസെ. 3:16–21), ഇസ്രയേൽ ഭവനം രക്ഷ പ്രാപിക്കുന്നതിന് അവർ നീങ്ങേണ്ട വഴികളെക്കുറിച്ചുള്ള എസെക്കിയേലിനോടുള്ള ദൈവമായ കർത്താവിന്റെ നിർദേശങ്ങളെക്കുറിച്ചും; മൂന്നാം വായനയിൽ (2തെസ. 2:13–17), ക്രിസ്തുവിശ്വാസികൾ തങ്ങളുടെ ദൈവരാജ്യയാത്രയിൽ സ്വീകരിക്കേണ്ട ജീവിതശൈലികളെയും ക്രമങ്ങളെയുംപറ്റിയുള്ള പൗലോസിന്റെ ആഹ്വാനങ്ങളെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 13:44–52), സ്വർഗരാജ്യം നേടിയെടുക്കാൻ എന്തു ചെയ്യണമെന്ന് ഈശോ ഉപമകളിലൂടെ പഠിപ്പിക്കുന്നതിനെക്കുറിച്ചും നാം ധ്യാനിക്കുന്നു.

**നിയമാവർത്തനം 6:1–9:** ഇസ്രയേൽജനം വാഗ്ദത്തഭൂമിയിൽ വാസമാക്കുമ്പോൾ ദൈവജനം പാലിക്കേണ്ട നിയമങ്ങൾ ദൈവമായ കർത്താവ് മോശയ്ക്കു നൽകി. തനിക്കു നൽകപ്പെട്ടിട്ടുള്ള നിർദേശങ്ങളും കല്പനകളും മോശ തന്റെ ജനത്തെ അറിയിക്കുന്നതാണ് വചനത്തിന്റെ പശ്ചാത്തലം. 'നിങ്ങൾ അവകാശമാക്കാൻ പോകുന്ന ദേശത്ത് അനുഷ്ഠിക്കേണ്ടതിനു നിങ്ങളെ പഠിപ്പിക്കാൻ ദൈവമായ കർത്താവ് എന്നോടാജ്ഞാപിച്ച കല്പനകളും ചട്ടങ്ങളും നിയമങ്ങളും ഇവയാണ്' (6:1) എന്നു പറഞ്ഞുകൊണ്ടാണ് മോശ ആരംഭിക്കുന്നത്.

ഇസ്രയേൽജനം തങ്ങളുടെ ജീവിതവഴിയിൽ പാലിക്കണമെന്ന് ദൈവം ആവശ്യപ്പെടുന്നത് ഒന്നാമതായി അവിടുത്തെ കല്പനകളാണ്. ഹീബ്രുഭാഷയിൽ 'മിത്സ്വാ' (mitzvah) എന്ന പദം ഇവിടെ സൂചിപ്പിക്കുന്നത് പത്തു പ്രമാണങ്ങളെയാണ്. കൂടാതെ, ഇസ്രയേലിന്റെ ജീവിതത്തിൽ നല്കപ്പെട്ടിട്ടുള്ള statutes, ordinance ഇവ പാലിക്കാൻ ജനം കടപ്പെട്ടിരിക്കുന്നു. ഇവയെല്ലാം നീതിപൂർവം ജനം അനുഷ്ഠിക്കേണ്ട വിവിധ ചട്ടങ്ങളെയാണു സൂചിപ്പിക്കുന്നത്. ജനം അനുസരിക്കേണ്ട ചട്ടങ്ങളാണിവ. ശിക്ഷണപരവും, അനുശാസനപരവും അച്ചടക്കപരവുമായ നിയമങ്ങളാണിവ. 'അനുസരണം' കൂടാതെ ദൈവരാജ്യപ്രവേശനം അസാധ്യമാണ്.

ദൈവകല്പനകൾ പാലിക്കുന്നവർക്കു ലഭിക്കുന്ന സമ്മാനത്തെക്കുറിച്ചും ഇവിടെ പ്രതിപാദിക്കുന്നുണ്ട്: 1) ദീർഘായുസ്സുണ്ടാകാൻ; 2) നന്മയുണ്ടാകാൻ (6:2–3). തേനും പാലും ഒഴുകുന്ന കാനാൻദേശത്തേക്കു ജനം യാത്ര ചെയ്യുമ്പോൾ അവർക്കു ലഭിക്കാൻ പോകുന്ന സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും സൂചനയാണിത്. 'യത്താബ്' (yatab) എന്ന ഹീബ്രുപദത്തിന്റെ അർഥം 'good, beneficial, well, pleasing' എന്നൊക്കെയാണ്. കല്പന പാലിക്കുന്നവനുണ്ടാകുന്ന ജീവിതാവസ്ഥയാണിത്. ഇങ്ങനെ ജീവിക്കുന്ന ഒരാൾക്കാണ് ജീവിക്കുന്ന അത്രയുംകാലം മനഃസമാധാനത്തോടെ ജീവിക്കാൻ സാധിക്കുന്നതും.

പത്തു കല്പനകളിലെ ഏറ്റവും പ്രധാനപ്പെട്ട കല്പനകളെക്കുറിച്ചുള്ള ഓർമപ്പെടുത്തലും ഈ വചനഭാഗത്തുണ്ട്: "നമ്മുടെ ദൈവമായ കർത്താവ് ഒരേയൊരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കണം" (6:4–5). 'നമുക്ക് ഒരു ദൈവമേയുള്ളൂ' എന്ന പ്രഖ്യാപനം വിശ്വാസസത്യങ്ങളുടെ മുഴുവൻ അടിസ്ഥാനമാണ്. ആ ദൈവത്തോടു നാം പൂർണമായും ചുമതലപ്പെട്ടവരാകേണ്ടതുണ്ട്. ഭാഗികമായ ഒരു സ്നേഹബന്ധമല്ല ദൈവവുമായി ഉണ്ടാകേണ്ടത്; മറിച്ച്, അതു മുഴുവനും പൂർണവുമായിരിക്കണം. ഹീബ്രുവിലെ കോൽ (kol) എന്ന പദവും ഗ്രീക്കിലെ 'ഹോളോസ്' (holos) എന്ന പദവും സൂചിപ്പിക്കുന്നത് മുഴുവനായ അവസ്ഥയെയാണ്.

**എസെക്കിയേൽ 3:16–21:** ദൈവദർശനം ലഭിച്ച പ്രവാചകനായ എസെക്കിയേൽ ഇസ്രയേൽജനത്തിന്മേലുള്ള ശിക്ഷയുടെയും രക്ഷയുടെയും സന്ദേശങ്ങൾ പ്രതീകാത്മകമായി അവതരിപ്പിക്കുന്നുണ്ട്. ഇതു പ്രവാചകന്റെ ദൗത്യത്തിന്റെ ഭാഗമാണ്. ദൈവിക അരുളപ്പാട് ലഭിക്കുന്ന എസെക്കിയേൽ എന്തൊക്കെ സന്ദേശങ്ങളാണ് ജനത്തിനു കൈമാറേണ്ടതെന്ന് കർത്താവുതന്നെ സംസാരിക്കുന്നതാണ് ഈ വചനവായനയുടെ പശ്ചാത്തലം.

"ഞാൻ നിന്നെ ഇസ്രയേൽഭവനത്തിന്റെ കാവൽക്കാരനാക്കിയിരിക്കുന്നു" (3:17). എസെക്കിയേലിന്റെ ദൗത്യം എന്താണെന്നു വെളിവാക്കുന്ന വചനമാണിത്. പ്രവാചകൻ ഒരു 'കാവൽക്കാരൻ' ആണ്. ഗ്രീക്കുഭാഷയിൽ 'സ്കോപോസ്' (skopos) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. ഹെബ്രായഭാഷയിൽ 'ത്സാഫാഗ്' (tsaphah) എന്ന വാക്കിന്റെ അർഥം 'keep watch' എന്നാണ്. ഇസ്രയേൽജനത്തിന്റെ സംരക്ഷണം, ഒരു രക്ഷാദൗത്യമാണിവിടെ നൽകുന്നത്.

ജനത്തിന് 'മുന്നറിയിപ്പ്' കൊടുക്കുക എന്നതാണ് എസെക്കിയേൽ പ്രവാചകന്റെ ദൗത്യങ്ങളിലൊന്ന്. ഹീബ്രുഭാഷയിലെ 'സഹാർ' (zahar) എന്ന പദത്തിന്റെ അർഥം 'പഠിപ്പിക്കുക, ശാസിക്കുക, പ്രകാശത്തിലേക്കു കൊണ്ടുവരിക' എന്നൊക്കെയാണ്. അന്ധകാരത്തിൽനിന്ന് ഒരുവനെ പ്രകാശത്തിലേക്കു നയിക്കുകയാണ് പ്രവാചകന്റെ ദൗത്യം. പ്രകാശമായ ദൈവത്തിലേക്ക് ഒരാളെ കൊണ്ടുചെന്ന് എത്തിക്കുക; തിന്മയുടെ ലോകത്തുനിന്നു നന്മയുടെ - ദൈവത്തിന്റെ - ഇടത്തിലേക്ക് എത്തിക്കുക.

ശാസനകളും തിരുത്തലുകളും ലഭിച്ചിട്ടും ദുഷ്ടൻ അവന്റെ ദുഷിച്ച വഴിയിൽനിന്നു മാറുന്നില്ലെങ്കിൽ അവൻ തന്റെതന്നെ ശിക്ഷാവിധി ചോദിച്ചുവാങ്ങുകയാണ്. തിന്മയിൽനിന്നു മാറാത്തവനു ലഭിക്കുന്നത് മരണമായിരിക്കും. 'അപ്പോത്നെസ്കോ' (apothnesko) എന്ന ഗ്രീക്കുക്രിയാപദത്തിന്റെ അർഥം 'മരിക്കുക' എന്നാണ്. നിത്യജീവൻ നഷ്ടപ്പെടുന്ന അവസ്ഥയെയും ഇതു കുറിക്കുന്നുണ്ട്. ദുഷ്ടതയിലൂടെ ദൈവത്തിൽനിന്ന് അകന്നു ജീവിക്കുന്നവർ ആരായാലും അവർക്കു നിത്യജീവനും രക്ഷയും നഷ്ടമാകും.

നീതിമാൻ തന്റെ നീതി വെടിഞ്ഞ് തിന്മ പ്രവർത്തിച്ചാൽ അവനും മരിക്കും. ദൈവമക്കൾ നീതിയോടെ പ്രവർത്തിക്കുമ്പോഴാണ് രക്ഷ കരഗതമാകുന്നത്. അവർക്കാണ് ദൈവരാജ്യം സംലഭ്യമാകുന്നത്. 'ത്സാദിക്' (tsaddiq) എന്ന ഹീബ്രുവാക്കിന്റെ അർഥം just, righteous എന്നാണ്. അനീതി അക്രമമാണ്. അവർ രക്ഷ നഷ്ടപ്പെടുത്തും.

**2 തെസലോനിക്ക 2:13–17:** തെസലോനിക്കാസഭയിലെ വിശ്വാസികൾ തങ്ങളുടെ ക്രിസ്തീയജീവിതത്തിൽ എപ്രകാരം പ്രവർത്തിക്കണമെന്നുള്ള പൗലോസ് ശ്ലീഹായുടെ ഉപദേശങ്ങളും നിർദേശങ്ങളുമാണ് ഈ വചനഭാഗത്തു നാം ശ്രവിക്കുന്നത്. കുടുംബാംഗങ്ങളോട് ഒരു അപ്പൻ എന്നപോലെ വാത്സല്യത്തോടെ അവരുടെയെല്ലാം നന്മ ആഗ്രഹിച്ചുകൊണ്ടു നടത്തുന്ന ആഹ്വാനമാണിത്.

'കർത്താവിന്റെ വാത്സല്യഭാജനങ്ങളായ സഹോദരരേ' എന്നാണ് ശ്ലീഹാ വിശ്വാസികളെ അഭിസംബോധന ചെയ്യുന്നത് (2:13). ദൈവജനം കർത്താവിനു പ്രിയപ്പെട്ടവരാണ്. അവരുടെ വിശ്വാസജീവിതരീതികളും, ദൈവകല്പനകൾക്കനുസൃതമായ അവരുടെ വിശ്വാസജീവിതവുമാണ് അവരെ കർത്താവിനു പ്രിയപ്പെട്ടവരാക്കുന്നത്. 'Beloved by the Lord' എന്ന പ്രയോഗം സ്നേഹബന്ധത്തിന്റെ ആഴത്തെക്കുറിക്കുന്നതാണ്. ഗ്രീക്കുഭാഷയിലെ 'അഗാപാഓ' (agapao) എന്ന ക്രിയാപദത്തിന്റെ അർഥം 'love, have affection for' എന്നൊക്കെയാണ്.

ഈ ജനം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്, അവർ വളരെ പ്രത്യേകമായി വിളിക്കപ്പെട്ടവരാണ്. അതാണ് ദൈവജനത്തിന്റെ ശ്രേഷ്ഠത. അവർ ദൈവത്താൽ വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. കർത്താവായ ഈശോമിശിഹായുടെ മഹത്ത്വം വിശ്വാസികൾക്കു ലഭിക്കുന്നതിനുവേണ്ടിയാണ് അവരെ വിളിച്ചത്. അങ്ങനെ വിളിക്കപ്പെട്ടവർ 'പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും, അവയിൽ ഉറച്ചുനിൽക്കുകയും' വേണം. ഇതാണ് പൗലോസിന്റെ ആഹ്വാനം. ഗ്രീക്കുഭാഷയിലെ 'പരദോസിസ്' (paradosis) എന്ന വാക്ക് സഭയുടെ കൈമാറ്റം ചെയ്യപ്പെട്ട പാരമ്പര്യരീതികളെയാണ് അർഥമാക്കുന്നത്. ഇവയിൽ ഉറച്ചുനിൽക്കുക. അതാണു പ്രധാനം; എങ്കിലേ രക്ഷ കരഗതമാക്കാൻ സാധിക്കുകയുള്ളൂ.

വിശ്വാസിസമൂഹം സത്പ്രവൃത്തികളിലും സദ്വചനങ്ങളിലും കർത്താവായ ഈശോമിശിഹായാലും പിതാവായ ദൈവത്താലും ശക്തിപ്പെടട്ടേയെന്ന പ്രാർഥനയോടെയാണ് ഈ ഭാഗം പൗലോസ് അവസാനിപ്പിക്കുന്നത് (2:16–17). വാക്കും പ്രവൃത്തിയും ദൈവികരക്ഷയിൽ അനിവാര്യമാണ്. വചനബന്ധിതമായ ജീവിതവും അനുഗ്രഹദായകമായ പ്രവൃത്തികളുമാണ് ഒരുവന് സ്വർഗരാജ്യത്തിനു കാരണമാകുന്നത്.

**മത്തായി 13:44–52:** ദൈവരാജ്യം കണ്ടെത്തുന്നവൻ അത് എന്തുവില കൊടുത്തും സ്വന്തമാക്കുമെന്ന യാഥാർഥ്യം പഠിപ്പിക്കാൻവേണ്ടി മൂന്ന് ഉപമകളിലൂടെ ഈശോ ജനത്തെ പഠിപ്പിക്കുന്നതാണ് വചനവായനയുടെ പശ്ചാത്തലം. നിധിയും വലയും, രത്നവുമെല്ലാം ചില സത്യങ്ങൾ അവതരിപ്പിക്കുന്ന പ്രതീകങ്ങളാണ്. ദൈവരാജ്യം സ്വന്തമാക്കുന്നവരെയും ദൈവരാജ്യം നഷ്ടപ്പെടുത്തുന്നവരെയും 'സിമ്പോളിക്' ഭാഷയിൽ ഇവിടെ പരാമർശിച്ചിട്ടുണ്ട്.

സ്വർഗരാജ്യത്തിലെ നിധിയും ഭൗമികമായ നിധിയും രണ്ടാണ്. ഭൗതികവസ്തുക്കളോടുള്ള അഭിനിവേശം സ്വർഗരാജ്യത്തിലെ യഥാർഥ നിധി, രക്ഷ - കണ്ടെത്തുന്നതിൽനിന്ന് ഒരുവനെ തടയും. യഥാർഥനിധി ഈശോയാണ്. ഈശോയെപ്രതി എല്ലാം വിട്ടുപേക്ഷിക്കുമ്പോഴാണ് അമൂല്യമായ സ്വർഗരാജ്യം സ്വന്തമാക്കാൻ സാധിക്കുന്നത്. ഇതു സന്തോഷത്തോടെ ചെയ്യേണ്ട ഒരു പ്രവൃത്തിയാണ്.



ഗ്രീക്കുഭാഷയിലെ 'ഖാറാ' (chara) എന്ന പദത്തിന്റെ അർഥം joy, delight എന്നൊക്കെയാണ്. ഇതൊരു ആന്തരികസന്തോഷമാണ്.

പൗലോസ് ഇങ്ങനെ കുറിക്കുന്നു: "ഇവയെല്ലാം ക്രിസ്തുവിനെപ്രതി നഷ്ടമായി ഞാൻ കണക്കാക്കി" (ഫിലി 3:7). അമൂല്യനിധിയായ ഈശോമിശിഹായെ കണ്ടെത്തുമ്പോൾ സകലതും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ് പൗലോസ്. ഇവിടെ ഒരു നഷ്ടപ്പെടുത്തൽ ഉണ്ട്. നിധി കണ്ടെത്തുന്നവനും രത്നം കണ്ടെത്തുന്നവനും 'തനിക്കുള്ളതെല്ലാം വിറ്റു' എന്നാണു വചനം പറയുന്നത് (13:44,46). "selling out all that he has" - ഇതൊരു ഭാഗികമായ വിറ്റുകളയലല്ല; പൂർണമാണ്. ഭൗതികമായ എല്ലാറ്റിനെയും ഉപേക്ഷിക്കണം, അമൂല്യനിധിയായ ഈശോമിശിഹായെ, ദൈവരാജ്യത്തെ സ്വന്തമാക്കാൻ.

ഈ ഉപമയിലെ നല്ല മത്സ്യങ്ങളും ചീത്ത മത്സ്യങ്ങളും പ്രതീകങ്ങളാണ്. നല്ലവരും ദുഷ്ടരുമായ മനുഷ്യരുടെ പ്രതീകങ്ങൾ. യുഗാന്ത്യത്തിൽ ദുഷ്ടനും ശിഷ്ടനും വേർതിരിക്കപ്പെടും. ദുഷ്ടജീവിതം നയിക്കുന്നവർ 'ശിക്ഷ' സ്വന്തമാക്കുമ്പോൾ നന്മയുടെ ജീവിതവഴിയേ ചരിച്ചവർ 'രക്ഷ' കരഗതമാക്കും.

■

17 ഇസ്രയേലിന്റെ വഴികളിലൂടെ

# റോമൻ സാമ്രാജ്യത്തിന്റെ പതനം



തോമസ് കുഴിഞ്ഞാലിൽ

ആഭ്യന്തരകലാപത്തിൽ ആടിയുലഞ്ഞ കിഴക്കൻ/പടിഞ്ഞാറൻസാമ്രാജ്യങ്ങളെ ഒന്നിപ്പിച്ചു ഭരിച്ച ഏറ്റവും അവസാനത്തെ റോമൻചക്രവർത്തിയായ തിയോഡോഷ്യസ് ഒന്നാമൻ എ ഡി 380 ഫെബ്രുവരി 27 നു പുറത്തിറക്കിയ വിളംബരത്തിലൂടെ ക്രിസ്തുമതം റോമൻസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായിത്തീർന്നു.

തെസലോണിക്കയിൽ വിളിച്ചുചേർത്ത വിപുലമായ സമ്മേളനത്തിനുശേഷമായിരുന്നു ചരിത്രപ്രസിദ്ധമായ വിളംബരം. 186 മേലധ്യക്ഷന്മാർ പങ്കെടുത്ത കൗൺസിലിൽ 55 വർഷംമുമ്പ് നിഖ്യയിൽ രൂപംകൊടുത്ത വിശ്വാസപ്രമാണത്തിനു സ്ഥിരീകരണം നൽകുകയും ആര്യൻപാഷണ്ഡതയെ അപലപിക്കുകയും ചെയ്തു. സാമ്രാജ്യത്തിനുള്ളിലെ എല്ലാ ജനങ്ങളും ക്രിസ്തുമതം സ്വീകരിക്കണമെന്നും, നിലവിലുള്ള എല്ലാ വിജാതീയമതങ്ങളും നിരോധിക്കുകയാണെന്നും ചക്രവർത്തി ഉത്തരവിട്ടു. ഉത്തരവു പാലിക്കാത്തവരുടെ വസ്തുവകകൾ കണ്ടുകെട്ടുമെന്നും അവർക്കു നിയമപരിരക്ഷ ലഭിക്കുകയില്ലെന്നും കടുത്ത ശിക്ഷാനടപടികൾ നേരിടേണ്ടിവരുമെന്നും ഉത്തരവിലൂടെ മുന്നറിയിപ്പു നൽകി. ഡെൽഫിയിലെ ഓറക്കിളിന്റേതുൾപ്പെടെയുള്ള വിജാതീയ ക്ഷേത്രങ്ങൾ ചക്രവർത്തിയുടെ കല്പനപ്രകാരം അടപ്പിച്ചു. ഞായറാഴ്ച ദിവസം കർത്താവിന്റെ ദിവസമായി ആചരിക്കണമെന്ന കർശന നിർദേശം നല്കിയതും തിയോഡോഷ്യസ് ചക്രവർത്തിയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും അടങ്ങുന്ന ത്രിതൈ്വക ദൈവത്തിൽ വിശ്വസിക്കാനും അവിടുത്തെ ആരാധിക്കാനും ഓരോ ക്രിസ്ത്യാനിയും കടപ്പെട്ടവനാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. എ ഡി 381 മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ കോൺസ്റ്റാന്റിനോപ്പിളിൽ ചക്രവർത്തി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ 150 മെത്രാന്മാർ പങ്കടുത്തു. അക്കാലത്തെ സഭാതലവനായിരുന്ന ഡമാസുസ് ഒന്നാമൻ മാർപാപ്പ പേപ്പൽപ്രതിനിധികളെ അയയ്ക്കുകയും രണ്ടു സമ്മേളനങ്ങളിലെയും തീരുമാനങ്ങൾ അംഗീകരിക്കുകയും ചെയ്തു. രോഗബാധയെത്തുടർന്ന് എ ഡി 395 ജനുവരി മാസം 17-ാം തീയതി ഇറ്റലിയിലെ മിലാനിൽവച്ചായിരുന്നു ചക്രവർത്തിയുടെ അന്ത്യം. ഒരു തികഞ്ഞ ദൈവഭക്തനായിരുന്ന തിയോഡോഷ്യസ് ഒന്നാമന്റെ ഭൗതികശരീരം കോൺസ്റ്റാന്റിനോപ്പിളിലെത്തിച്ച് വിശുദ്ധ ശ്ലീഹന്മാരുടെ ദൈവാലയത്തിലാണു സംസ്കരിച്ചത്. ചക്രവർത്തിയുടെ മരണശേഷം സാമ്രാജ്യത്തെ രണ്ടായി വിഭജിച്ചുഭരിച്ച അദ്ദേഹത്തിന്റെ പിൻഗാമികൾ ആറു പതിറ്റാണ്ടുകൾ ഭരണാധികാരികളായിരുന്നു.


**സാമ്രാജ്യം ശിഥിലമാകുന്നു**

കാലംചെല്ലുന്തോറും ശക്തിക്ഷയിച്ചുവന്ന റോമൻസാമ്രാജ്യത്തിനെതിരേ പല ദിശകളിൽനിന്നും ആക്രമണങ്ങളുണ്ടായി. ജർമൻപ്രദേശത്തുനിന്നെത്തിയ കിരാതരായ വിസിഗോത്തുകളും വാൻഡലുകളും ഓസ്ട്രോഗോത്തുകളുമായി ഒരു നൂറ്റാണ്ടുകാലം നീണ്ടുനിന്ന പോരാട്ടങ്ങൾക്കൊടുവിലായിരുന്നു സാമ്രാജ്യത്തിന്റെ പതനം.



*അവസാനത്തെ റോമൻ ചക്രവർത്തി റോമുലസ് അഗസ്റ്റുലസ്*

എ ഡി 378 ൽ വിസിഗോത്തുകളുമായി ആഡ്രിയാനോപ്പിളിൽ നടന്ന യുദ്ധത്തിൽ പരാജയപ്പെടുക മാത്രമല്ല, കിഴക്കൻ റോമൻ സാമ്രാജ്യത്തിന്റെ (ബൈസന്റൈൻ) ചക്രവർത്തിയായിരുന്ന വാലെൻസ് കൊല്ലപ്പെടുകയും ചെയ്തു. എ ഡി 411 ൽ വിസിഗോത്തുകളും, 455 ൽ വാൻഡലുകളും റോമാനഗരം കൊള്ളയടിച്ചു. 14 ദിനരാത്രങ്ങൾ തുടർച്ചയായി കവർച്ച ചെയ്ത വാൻഡലുകളുടെ കൊള്ളയ്ക്ക് 'വാൻഡലിസം' അഥവാ 'സർവനാശം' എന്നാണർഥം. നഗരം നിശേഷം കൊള്ളയടിച്ച വാൻഡലുകളുടെ നേതാവായ ജെനെസെറിക്കിനോട് അക്കാലത്തെ സഭാതലവനായിരുന്ന മഹാനായ ലെയോ മാർപാപ്പയ്ക്ക് ഒരപേക്ഷയേ ഉണ്ടായിരുന്നുള്ളൂ: "നിങ്ങൾക്കാവശ്യമുള്ളതെല്ലാം എടുത്തുകൊണ്ടുപൊയ്ക്കൊള്ളുക. ദയവുചെയ്ത് ഞങ്ങളുടെ നഗരത്തെ നശിപ്പിക്കല്ലേ, ഇവിടത്തെ ജനത്തെയും വെറുതേ വിട്ടേക്കുക." നിസ്സഹായനായി തങ്ങളുടെ മുമ്പിൽ കേഴുന്ന മാർപാപ്പയുടെ വാക്കുകൾ കേട്ടിട്ടാകാം, കവർന്നെടുത്ത വിലപ്പിടിപ്പുള്ള വസ്തുക്കളുമായി വാൻഡലുകൾ അവരുടെ സ്വന്തം രാജ്യമായ കാർത്തേജിലേക്കു കപ്പൽ കയറിയെന്നാണു ചരിത്രം. എ ഡി 412 ൽ ഇറ്റലിയിൽനിന്നും പിൻവാങ്ങിയ വിസിഗോത്തുകൾ സ്പെയിനിലേക്കാണ് പോയത്. അവർ സ്ഥാപിച്ച വിസിഗോതിക് രാജവംശം മൂന്നു നൂറ്റാണ്ടുകൾ സ്പെയിൻ ഭരിച്ചു.




ജർമൻവംശജൻതന്നെയായ ഒഡോസർ എന്ന പോരാളി ഇറ്റലിയുടെ വടക്കൻ പ്രവിശ്യ കീഴടക്കുകയും അനുയായികളുമായി എ ഡി 476 സെപ്റ്റംബർ നാലാം തീയതി റോമിലെത്തി ചക്രവർത്തിയായിരുന്ന റോമുലസ് അഗസ്റ്റുലസിനെ ബന്ധനസ്ഥനാക്കി നഗരം പിടിച്ചെടുക്കുകയും, ബൈസന്റൈൻസാമ്രാജ്യത്തിന്റെ ചക്രവർത്തിയായിരുന്ന സെനോയുടെ കീഴിൽ ഇറ്റലിയുടെ ആദ്യത്തെ രാജാവായി അധികാരമേല്ക്കുകയും ചെയ്തു. ബി സി 27 മുതൽ എ ഡി 476 വരെയുള്ള 503 വർഷം ലോകം കീഴടക്കി ഭരിച്ച റോമൻസാമ്രാജ്യത്തിന്റെ അസ്തമയം കണ്ട നാളുകളായിരുന്നു പിന്നീടു പിറന്നുവീണത്. ലോകം കണ്ട ഏറ്റവും ശക്തമായ സാമ്രാജ്യത്തിന്റെ ദയനീയമായ പതനത്തെയോർത്ത് വിശുദ്ധ ജെറോം പ്രലപിച്ചത് ഇപ്രകാരമായിരുന്നു: "എന്റെ ശബ്ദം തൊണ്ടയിൽ കുരുങ്ങിയതിനാൽ എനിക്കു ശബ്ദിക്കാനാകുന്നില്ല, വിങ്ങലുകളാൽ ഞാൻ വീർപ്പുമുട്ടുന്നു. ലോകം മുഴുവൻ കീഴടക്കിയ നഗരം ഇപ്പോഴിതാ, ശത്രുക്കളുടെ കൈകളിൽ അകപ്പെട്ടിരിക്കുന്നു!"

ഒഡോസറിന്റെ ഭരണത്തിന് അന്ത്യം കുറിച്ചത് ഓസ്ട്രോഗോത്തുകളുടെ നേതാവായ തിയോഡോറിക്കാണ്. ഒഡോസറിനെ വധിച്ചശേഷം ഗോഥിക് രാജവംശത്തിനു തുടക്കംകുറിച്ച തിയോഡോറിക്, വിവേകപൂർവം ഭരിക്കുകയും ഇറ്റലിയെ സമ്പദ്സമൃദ്ധിയിലേക്കു നയിക്കുകയും ചെയ്തു. ആര്യൻപാഷണ്ഡതയിലാണു വിശ്വസിച്ചിരുന്നതെങ്കിലും യഹൂദരുടെയോ ക്രിസ്ത്യാനികളുടെയോ ആചാരാനുഷ്ഠാനങ്ങളിൽ അദ്ദേഹം വിഘ്നം വരുത്തിയില്ല. തലസ്ഥാനമായ റാവെന്നയിൽ ഒരു ബസിലിക്കയും രണ്ടു ദൈവാലയങ്ങളും തനിക്കുവേണ്ടിത്തന്നെ ഒരു കല്ലറയും അദ്ദേഹം നിർമിച്ചു. 33 വർഷം ഇറ്റലിയിൽ ഭരണം നടത്തിയ മഹാനായ തിയോഡോറിക് രോഗബാധിതനായി എ ഡി 526 ൽ അന്തരിച്ചു.

മധ്യേഷ്യയിൽനിന്നും എത്തിച്ചേർന്ന ഹൂണന്മാർ എന്ന കാട്ടാളക്കൂട്ടത്തിന്റെ നിരന്തരമായ ആക്രമണങ്ങളും റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു കാരണമായി. വാസ്തവത്തിൽ, സർവതും നശിപ്പിച്ചുകൊണ്ട് മുന്നേറിയ അവരുടെ ശല്യം സഹിക്കവയ്യാതെ സാമ്രാജ്യത്തിനുള്ളിൽ അഭയം തേടിയവരായിരുന്നു വിസിഗോത്തുകളും വാൻഡലുകളും ഓസ്ട്രോഗോത്തുകളും. എ ഡി 370 ൽ തുടങ്ങിയ അവരുടെ ഭീകരവും കിരാതവുമായ ആക്രമണങ്ങൾ സമാനതകളില്ലാത്തവയായിരുന്നു. വിലപ്പിടിപ്പുള്ളതെല്ലാം കവർന്നെടുത്തും കണ്ണിൽകണ്ടതെല്ലാം നശിപ്പിച്ചും മുന്നേറിയ ഹൂണന്മാർക്കു നേതൃത്വം കൊടുത്ത ആറ്റിലയെ 'ദൈവത്തിന്റെ കൈകളിലെ ചമ്മട്ടി' (Scourge of God) എന്നാണ് റോമാക്കാർ വിളിച്ചത്. 'നരകത്തിൽനിന്നെത്തിയ ചെകുത്താൻ' (devil from hell) എന്നു ക്രിസ്ത്യാനികൾ അയാളെ വിശേഷിപ്പിച്ചു. എ ഡി 434 മുതലുള്ള 19 വർഷഭരണകാലത്ത് റോമൻസാമ്രാജ്യത്തിന്റെ പകുതിയോളം ആറ്റില സ്വന്തമാക്കി. ഹംഗറി, ബാൾക്കൻ രാജ്യങ്ങൾ എന്നിവ കീഴടക്കിയശേഷം എ ഡി 451 ൽ ഗൗളും (ഫ്രാൻസ്, ബെൽജിയം, നെതർലാൻഡ്സ്), ജർമനിയുടെ തെക്കുപടിഞ്ഞാറൻ പ്രദേശങ്ങളും, എ ഡി 452 ൽ വടക്കൻ ഇറ്റലിയും പിടിച്ചെടുത്തു. റോമാനഗരത്തെ കീഴടക്കാനെത്തിയ ആറ്റിലയുടെ മുമ്പിൽ അക്കാലത്തെ മാർപാപ്പയായിരുന്ന ലെയോ ഒന്നാമൻ, തന്റെ ജനത്തോടു കരുണയുണ്ടാകണമേയെന്നു യാചിച്ചുവെന്നും, വയോധികനായ അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ച ആറ്റില ഹംഗറിയിലേക്കു പിൻവാങ്ങിയെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. 24 വർഷങ്ങൾക്കുശേഷം ഒഡോസർ റോമാനഗരം കീഴടക്കുമ്പോൾ സഭാതലവൻ സിംപ്ളിസിയസ് മാർപാപ്പയായിരുന്നു. ആത്മാഭിമാനത്തിനു ക്ഷതമേറ്റു വിലപിച്ച റോമൻജനതയെ സാന്ത്വനവാക്കുകൾ പറഞ്ഞു സമാശ്വസിപ്പിക്കാൻ മാർപാപ്പ പ്രത്യേകശ്രദ്ധ ചെലുത്തി. ലെയോ ഒന്നാമൻ പാപ്പയും സിംപ്ളിസിയസ് പാപ്പയും പിൽക്കാലത്ത് വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ടവരാണ്.

ജർമാനിയൻ ഗോത്രങ്ങളിൽ പ്രമുഖമായ ഫ്രാങ്കുകൾ ഗൗളും (Gaul-ആധുനികഫ്രാൻസ്), വടക്കുനിന്നു കടൽകടന്നെത്തിയ ആംഗ്ലോ/സാക്സൻ ഗോത്രങ്ങളും സ്കോട്ടുകളും ബ്രിട്ടനും കീഴടക്കി. പടിഞ്ഞാറൻ റോമൻ സാമ്രാജ്യത്തെ ഇല്ലായ്മ ചെയ്ത ജർമാനിയൻ ഗോത്രവിഭാഗങ്ങളെ തുരത്തിയോടിക്കാനുള്ള ജസ്റ്റീനിയൻ ചക്രവർത്തിയുടെ യുദ്ധങ്ങളും പൂർണവിജയം കണ്ടുവെന്ന് പറയാനാകില്ല. എ ഡി 527 മുതലുള്ള 38 വർഷം ബൈസന്റൈൻ സാമ്രാജ്യത്തിന്റെ അധിപനായിരുന്ന അദ്ദേഹത്തിന്റെ മരണശേഷമായിരുന്നു ലൊംബാർഡുകളുടെ ആക്രമണം. ആയിരങ്ങളെ കൊന്നൊടുക്കിയ ലൊംബാർഡുകൾ ദൈവാലയങ്ങൾ തീവച്ചു നശിപ്പിക്കുകയും നഗരങ്ങൾ കൊള്ളയടിക്കുകയും ചെയ്തു. എ ഡി 800 ലെ ക്രിസ്തുമസ്ദിനത്തിൽ ലെയോ മൂന്നാമൻ മാർപാപ്പ ചക്രവർത്തിയായി വാഴിച്ച ചാർലിമെയ്ൻ കീഴ്പ്പെടുത്തുംവരെയുള്ള രണ്ടു നൂറ്റാണ്ടുകൾ ലൊംബാർഡുകളുടെ ഭരണം തുടർന്നു.

എ ഡി 768 മുതൽ ഫ്രാങ്കുകളുടെയും എ ഡി 774 മുതൽ ലൊംബാർഡുകളുടെയും രാജാവായശേഷം പരസ്പരം പോരടിച്ചിരുന്ന ജർമാനിയൻഗോത്രങ്ങളെ ഒരു ഭരണത്തിൽ കൊണ്ടുവന്നത് ചാർലിമെയ്ൻ ചക്രവർത്തിയാണ്. കത്തോലിക്കാസഭയോടും സഭാപിതാക്കന്മാരോടും സമരസപ്പെട്ട് എ ഡി 800 മുതലുള്ള 14 വർഷം അദ്ദേഹം സാമ്രാജ്യം ഭരിച്ചു. അദ്ദേഹത്തിന്റെ ഭരണകാലം മുഴുവൻ സഭയുടെ സംരക്ഷകനും കാവലാളുമായിരുന്നു. എ ഡി 476 ൽ അന്ത്യംകുറിച്ച പഴയ റോമൻസാമ്രാജ്യത്തിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ അന്ത്യംവരെ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. പുരാതനയൂറോപ്പു കണ്ട ഏറ്റവും മികച്ച ഭരണാധികാരായിരുന്ന ചാർലിമെയ്ൻ, എ ഡി 814 ജനുവരി 28-ാം തീയതി അന്തരിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്ത് 27 കത്തീദ്രൽ ദൈവാലയങ്ങളും 417 സന്ന്യാസാശ്രമങ്ങളും നിർമിച്ചു നൽകിയതായി ചരിത്രഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. പരിശുദ്ധ റോമൻ സാമ്രാജ്യത്തിന്റെ ആദ്യചക്രവർത്തിയായി അറിപ്പെടുന്നതിനുപുറമേ, 'ആധുനികയൂറോപ്പിന്റെ പിതാവ്' എന്നുകൂടി ചാർലിമെയ്ൻ വിശേഷിപ്പിക്കപ്പെടുന്നു.

(തുടരും)

# കോപ്പ അർജന്റീനയിൽത്തന്നെ; യൂറോപ്പിൽ സ്പാനിഷ് വസന്തം



സനിൽ പി. തോമസ്



പതിനേഴാം പിറന്നാൾ ആഘോഷിച്ച ലാമിൻ യമാലിന്റെ പിറന്നാൾസമ്മാനമായി സ്പെയിനിന് യൂറോകപ്പ്. വിടവാങ്ങൽ പ്രഖ്യാപിച്ച ഏയ്ഞ്ചൽ ഡി മരിയയ്ക്ക് യാത്രയയപ്പുസമ്മാനമായി അർജന്റീനയ്ക്കു കോപ്പ. ലോകകപ്പ് കഴിഞ്ഞാൽ ഫുട്ബോൾലോകം ഏറ്റവും ആവേശത്തോടെ കാണുന്ന യൂറോ കപ്പ്, കോപ്പ അമേരിക്കൻ ഫുട്ബോൾ സീസണ് ഏതാനും മണിക്കൂറുകളുടെ വ്യത്യാസത്തിൽ കലാശക്കൊട്ട്.

ഇരട്ടക്കലാശം കഴിഞ്ഞപ്പോൾ എക്സ്ട്രാ ടൈമിൽ അർജന്റീന കൊളംബിയയെ പരാജയപ്പെടുത്തി (1–0) കോപ്പ അമേരിക്കയിൽ തുടർച്ചയായ രണ്ടാം തവണയും ചാമ്പ്യന്മാരായി. സ്പെയിൻ ഇംഗ്ലണ്ടിനെ തോല്പിച്ചത് ഒന്നിനെതിരേ രണ്ടു ഗോളിന്. ഹാരി കെയ്നിന്റെ ടീമിനു കലാശപ്പോരാട്ടത്തിൽ തുടർച്ചയായ രണ്ടാം തോൽവി. 1966 ലെ ലോകകപ്പ് വിജയത്തിനുശേഷം ഒരു കിരീടനേട്ടത്തിനായി ഇംഗ്ലണ്ടിന്റെ കാത്തിരിപ്പു നീളുന്നു. സ്പെയ്നിന് ഇത് നാലാം യൂറോപ്യൻ ചാമ്പ്യൻപട്ടം. അർജന്റീനയുടേത് പതിനാറാം കപ്പ്. ഇതോടെ കോപ്പ അമേരിക്കയിൽ ഏറ്റവും അധികം തവണ വിജയിച്ച ടീം എന്ന നേട്ടം അർജന്റീനയ്ക്കു സ്വന്തം. ഇതുവരെ അവർ യുറുഗ്വേയ്ക്കൊപ്പം 15 തവണയായിരുന്നു ചാമ്പ്യൻമാരായിരുന്നത്. അർജന്റീനയുടെ മുപ്പതാം ഫൈനലാണു നടന്നത്.

ലയണൽ മെസ്സിക്ക് ഇത് അവസാന കോപ്പ അമേരിക്ക. ക്രിസ്റ്റ്യാനോ റൊണാൾഡോയ്ക്ക് അവസാന യൂറോ കപ്പും. എഞ്ചൽ ഡി മരിയ രാജ്യാന്തര ഫുട്ബോളിൽനിന്നുതന്നെ വിരമിക്കുന്നു. ഹാരി കെയ്ൻ ഇനിയെത്രനാൾ എന്ന് അറിയില്ല. തലമുറമാറ്റം പക്ഷേ, നടന്നുകഴിഞ്ഞു. സ്പെയിന്റെ കൗമാരവിസ്മയം ലാമിൻ യമാൽ ഫുട്ബോൾ ആരാധകരുടെ ഹൃദയം കീഴടക്കിക്കഴിഞ്ഞു. യൂറോ കപ്പിലെ പ്രായംകുറഞ്ഞ കളിക്കാരനായും ഗോൾ നേടിയ പ്രായംകുറഞ്ഞ താരമായും മാറി. നായകനും സ്ട്രൈക്കറുമായ അൽവാരോ മൊറാട്ടയ്ക്ക് മറ്റൊരു യുവതാരത്തെക്കൂടി ഉയർത്തിക്കാട്ടാൻ കഴിഞ്ഞു – നിക്കോ വില്യംസ്.

തുടരെ രണ്ടു തവണ കോപ്പ അമേരിക്ക ജയിച്ച അർജന്റീന നിലവിൽ ലോകകപ്പ് ജേതാക്കളുമാണ്. സ്പെയിനിന്റെ 2008, 2012 ലെ യൂറോപ്യൻ കിരീടവും ഒപ്പം, 2010 ലെ ലോകകപ്പ് നേട്ടവും ഓർമപ്പെടുത്തുന്നതായി അർജന്റീനയുടെ ഇത്തവണത്തെ കോപ്പവിജയം. വ്യത്യസ്തമായ ശൈലികളുടെ ഉടമകളായ അർജന്റീനയും കൊളംബിയയും കലാശപ്പോരിനിറങ്ങിയപ്പോൾ കാണികൾ പ്രവേശനകവാടം തകർത്തതും കളിതുടങ്ങാൻ വൈകിയതും സ്വാഭാവികം. അറുപത്താറാം മിനിറ്റിൽ നായകൻ ലയണൽ മെസ്സി പരുക്കേറ്റു പുറത്തുപോകുന്നു. നിശ്ചിതസമയത്തും ഗോൾരഹിതസമനില. ഒടുവിൽ എക്സ്ട്രാ ടൈം എട്ടു മിനിറ്റ് ബാക്കിനിൽക്കേ ലൗറ്റാറോ മാർട്ടിനെസ് ലക്ഷ്യം കാണുന്നു (1–0). ലൗറ്റാറോ മാർട്ടിനെസ് ടോപ് സ്കോറർ ആയപ്പോൾ എമിലിയാനോ മാർട്ടിനെസ് മികച്ച ഗോളിയുമായി.

യൂറോ കപ്പിൽ സ്പെയിൻ നിക്കോ വില്യംസിലൂടെ ലീഡ് നേടി. കോളോ പാമർ ഇംഗ്ലണ്ടിനെ സമനിലയിൽ എത്തിച്ചു. ഒടുവിൽ എൺപത്താറാം മിനിറ്റിൽ മിഖേൽ ഓയാർസബാൽ സ്പെയിനിനെ മുന്നിലെത്തിച്ചു. പക്ഷേ, അവസാനനിമിഷം ഡാനി ഒൽമോ നടത്തിയ ഗോൾലൈൻസേവ് ആണ് സ്പെയിനിനെ ചാമ്പ്യന്മാരാക്കിയത്. സ്പെയിനിന്റെ റോഡ്റി ടൂർണമെന്റിലെ മികച്ച കളിക്കാരനായപ്പോൾ മൂന്നുഗോൾ വീതം നേടി ആറുപേർ ഗോൾഡൻ ബൂട്ടിന് അർഹരായി – കോഡി ഗാക്ക്പോ (നെതർലൻഡ്സ്), ഹാരി കെയ്ൻ (ഇംഗ്ലണ്ട്), ഡാനി ഒൽമോ (സ്പെയിൻ), ജമാൽ മുസിയാല (ജർമനി), ഇവാൻ ഷ്രാൻസ് (സ്ലോവാക്യ), ജോർജ്സ് മിഖാതുട്സെ(ജോർജിയ). നിക്കോ വില്യംസ് കലാശപ്പോരിലെ മികച്ച താരമായി; യമാൽ ഭാവിയുടെ താരവും.

ഒരു മാസം നീണ്ട ഫുട്ബോൾ മാമാങ്കമാണ് അവസാനിച്ചത്. ഇതിനിടയിൽ വിംബിൾഡൺ ടെന്നീസും പൂർത്തിയായി. കായികപ്രേമികൾക്ക് ഉറക്കമില്ലാത്ത രാത്രികൾ തത്കാലം അവസാനിച്ചു. ഒരാഴ്ച കഴിഞ്ഞാൽ പാരിസ് ഒളിമ്പിക്സിന് ആരവമുയരും. അതുവരെ കോപ്പ അമേരിക്കയിലെയും യൂറോ കപ്പിലെയും അട്ടിമറികളും പരാജയങ്ങളും വിലയിരുത്തപ്പെടും. കോപ്പയിൽ ബ്രസീൽ സെമി കാണാതെ മടങ്ങി. കാനഡ സെമിയിൽ കടക്കുകയും ചെയ്തു. കാനഡയെയും ചിലിയെയും പെറുവിനെയും മറികടന്ന് ക്വാർട്ടറിൽ കടന്ന അർജന്റീന ഇക്വഡോറിനെ തോല്പിച്ച് സെമിയിൽ എത്തി. സെമിയിൽ വീണ്ടും കാനഡയ്ക്കെതിരെ വിജയം. കൊളംബിയയാകട്ടെ പരാഗ്വെയെയും കോസ്റ്ററിക്കയെയും തോല്പിച്ച്, ബ്രസീലിനെ സമനിലയിൽ തളച്ച് ക്വാർട്ടറിൽ കടന്നു. പിന്നെ വിജയം പനാമയ്ക്കും യുറുഗ്വേയ്ക്കുമെതിരേ.

യൂറോ കപ്പിൽ ഇംഗ്ലണ്ട് സെർബിയ, ഡെൻമാർക്ക്, സ്ലോവേനിയ, സ്ലോവാക്യ ടീമുകളെ കീഴടക്കി ക്വാർട്ടറിൽ കടന്നു. ക്വാർട്ടറിൽ സ്വിറ്റ്സർലൻഡിനെ ഷൂട്ടൗട്ടിൽ പിൻതള്ളി. സെമിയിൽ നെതർലൻഡ്സിനെതിരേ വിജയം (2–1). സ്പെയിൻ ആകട്ടെ, ക്രൊയേഷ്യ, ഇറ്റലി, അൽബേനിയ, ജോർജിയ ടീമുകളെ പിൻതള്ളി ക്വാർട്ടറിൽ. കരുത്തരായ ജർമനിയെയും (2–1) ഫ്രാൻസിനെയും (2–1) പരാജയപ്പെടുത്തിയാണ് ഫൈനൽ ബെർത്ത് നേടിയത്. പോർച്ചുഗൽ ടീം സെമി കണ്ടില്ല എന്ന പ്രത്യേകതയും ഉണ്ട്. ക്രിസ്റ്റ്യാനോ റൊണാൾഡോയ്ക്ക് പരാജയത്തോടെ മടക്കം.

കേരളത്തിൽ യൂറോപ്യൻ ടീമുകളെക്കാൾ ആരാധകർ കൂടുതൽ ബ്രസീലിനും അർജന്റീനയ്ക്കുമാണ്. പക്ഷേ, യൂറോ കപ്പ് നടക്കുമ്പോൾ ശ്രദ്ധ മാറും. ഒരുപക്ഷേ, അതുകൊണ്ടാവാം കഴിഞ്ഞ ഒരു മാസം, കൂടുതൽ കേട്ടത് യൂറോപ്യൻ ഫുട്ബോൾ ടീമുകളെക്കുറിച്ചാണ്. ഇനി 2026 ൽ അമേരിക്കയിൽ ലോകകപ്പ് ഫുട്ബോൾ തുടങ്ങുംവരെ കാത്തിരിക്കാം.

■




*ജീവസംരക്ഷണസന്ദേശയാത്രയ്ക്ക് പാലാ ബിഷപ്സ് ഹൗസിൽ സ്വീകരണം നല്കിയപ്പോൾ*

## മനുഷ്യജീവൻ ദൈവത്തിന്റെ അവകാശം
### മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: മനുഷ്യജീവൻ ദൈവത്തിന്റെ അവകാശമാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട്. ജൂലൈ രണ്ടിന് കാസർഗോഡുനിന്നാരംഭിച്ച ജീവസംരക്ഷണ സന്ദേശയാത്രയ്ക്കു പാലായിൽ നൽകിയ സ്വീകരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ അവകാശമായ ജീവൻ, അതിൽ ഏറ്റവും പ്രധാനമായ മനുഷ്യജീവൻ, ഹനിക്കാൻ ആർക്കും അവകാശമില്ലെന്ന് അദ്ദേഹം ഓർമപ്പെടുത്തി.

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ പ്രോലൈഫ്, പിതൃവേദി, മാതൃവേദി, നവോമി ഫോറം, എസ്.എം.വൈ.എം പ്രവർത്തകർ ബിഷപ്സ് ഹൗസിൽ നല്കിയ സ്വീകരണത്തിൽ രൂപത പ്രോലൈഫ് പ്രസിഡന്റ് മാത്യു എം. കുര്യാക്കോസ് സ്വാഗതം ആശംസിച്ചു. സന്ദേശയാത്രയുടെ ജനറൽ കോർഡിനേറ്റർ സാബു ജോസ് യാത്രയുടെ ലക്ഷ്യത്തെക്കുറിച്ചു സംസാരിച്ചു. രൂപത വികാരി ജനറാൾമാരായ മോൺ. ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് എന്നിവർ ആശംസകൾ നേർന്നു. പാലാ രൂപത പ്രോലൈഫ് സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ് നന്ദി പറഞ്ഞു. തുടർന്ന് അഞ്ചു മണിക്ക് യാത്രാസംഘം ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു. പാലായിലെ വിവിധ കേന്ദ്രങ്ങളിൽ നൽകിയ സ്വീകരണത്തിൽ നൂറുകണക്കിനു പ്രവർത്തകർ പങ്കെടുത്തു. പാലാ ളാലം സെന്റ് മേരീസ് ഹൈസ്കൂളിൽ നടന്ന സ്വീകരണച്ചടങ്ങിൽ അധ്യാപകരും കുട്ടികളും പങ്കെടുത്തു.

Deepanalam Weekly

RNI No : 16998/68
Vol. 57 ■ No. 20 ■ Date of Publication 18 July 2024
■ Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

OUR FOUNDER



Dr.KC Baby Olickal
1945-2020

വിശുദ്ധ അൽഫോൻസാമ്മയുടെ
തിരുനാളിന് പ്രാർത്ഥനാനിർഭരമായ
ആശംസകൾ...



40
1984-2024

നേത്രചികിത്സാ രംഗത്ത്
പ്രകാശപൂർണ്ണമായ
40 വർഷങ്ങൾ



നിങ്ങളുടെ
കണ്ണുകൾക്കായി
ഏറ്റവും മികച്ച
ചികിത്സാ സൗകര്യങ്ങൾ

LEAD KINDLY LIGHT
Alphonsa
EYE HOSPITALS
CENTRES FOR TOTAL EYE CARE

www.alphonsaeyehospital.com

സമ്പൂർണ്ണ നേത്ര
പരിചരണം

സാമൂഹിക
പ്രതിബദ്ധത

സേവന
പാരമ്പര്യം

NABH ACCREDITED
EYE HOSPITALS

കൊട്ടാരമറ്റം, പാലാ
Ph: 04822 212056, 9287212056

വിമല പബ്ലിക് സ്കൂളിനു സമീപം,
കാഞ്ഞിരമറ്റം ബൈപാസ് റോഡ്, തൊടുപുഴ
Ph: 04862 229228, 8547857662

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org